# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



**ഒക്ടോബർ 16**
**വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ**

Vol. LXXIII October 2023 No. 10



അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദികസമ്മേളനത്തിൽനിന്ന്



പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ നടന്ന മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ കോർ എപ്പിസ്കോപ്പ സ്ഥാനാരോഹണശുശ്രൂഷയിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുഖ്യപ്രഭാഷണം നടത്തുന്നു.

## അഭിനന്ദനങ്ങൾ



ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം നേടിയ

**മാത്യു പുല്ലുകാലായിൽ അച്ചന്**

പാലാ രൂപതയുടെ അഭിനന്ദനങ്ങൾ!



അഭിഭാഷകനായി എൻറോൾ ചെയ്ത

**ജോസഫ് താഴത്തുവരിക്കയിൽ അച്ചന്**

പാലാ രൂപതയുടെ അഭിനന്ദനങ്ങൾ

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

OCTOBER 2023
Vol. LXXIII No. 10

# CONTENTS

സർക്കുലർ ........ 759

സർക്കുലർ 320 ........ 770

Decree ........ 772

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് ........ 777

അറിയിപ്പുകൾ ........ 778

Transfer & Appointments ........ 783

Needy Church Fund 2023-24 ........ 784

അറിയിപ്പുകൾ ........ 786

വാർത്തകൾ ........ 790

ആദരാഞ്ജലികൾ ........ 816

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 820

No: 3918/K-5/KCBC/OL/DS 14.09.2023

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ
(ലൂക്കാ 24: 13 –35 കാണുക)

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ" എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ടു ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പംമുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്കു തിരികെപ്പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്നു പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്കുണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിലുണ്ടായ വ്യത്യാസത്തിലേക്കു സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞുകഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്നു ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവത്കരണപ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്കു നവീകരിക്കാം.

1. "അവൻ നമുക്കു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നു. നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.*

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ടു ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയപശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെകൂടെ നടക്കുന്നു. അതുപോലെ, തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്കു നമ്മോട് ഒരിക്കലും മടുപ്പു തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ.25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിതശിഷ്യരോടു ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്കു ചുറ്റും നിൽക്കു

ന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, ''പ്രത്യാശ മോഷ്ടിക്കപ്പെട്ടവരാകാതിരിക്കാൻ നമുക്കു ശ്രമിക്കാം'' (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്. പ്രത്യേകിച്ച്, ലോകത്തോടു സുവിശേഷം പ്രഘോഷിക്കുകയെന്ന നമ്മുടെ ദൗത്യത്തിനുമുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ, പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീപുരുഷന്മാരെയും എന്റെ സാമീപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച്, ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂരനാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്നു കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവുമാണെന്നു ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്നു പറഞ്ഞത് നമുക്കു വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ടു ശിഷ്യരെ ശ്രവിച്ചശേഷം, "മോശമുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ

അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?" (വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കുമാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ, അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കതു വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്കു കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്കു തുറന്നുകൊടുത്തു*, 1. [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ, ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നതു നിങ്ങളുടെ ആശയങ്ങളും പദ്ധതികളുമായിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റു ഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്കു വിശുദ്ധലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ

അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്നു നമ്മുടെയുള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്നു നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്കു ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയുമാണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്കുപോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെച്ചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശയ്ക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ചു നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായകഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികളാണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ, പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അതു ചെയ്തപ്പോൾ മേശയ്ക്കരികിലിരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ, അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു

അടിസ്ഥാനയാഥാർത്ഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപ്പുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയം തന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിതശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്നു തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിതപ്രവർത്തനമല്ലേ? കാരണം, ക്രിസ്തു തന്നെയാണു മുറിക്കപ്പെടുന്നത്; അത് പ്രേഷിതപ്രവർത്തനത്തിന്റെ സമുന്നതഭാവമാണ്; എന്തെന്നാൽ, സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയുമാണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാമൻ പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, "ദിവ്യകാരുണ്യകൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്കു സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണമെന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിന് ആവ

ശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെമാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാനവുമാണ്: "യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിതസഭയാണ്" (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15:4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശ്ശബ്ദരായി ഇരിക്കുകയാണല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിലായിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്കുപോയ ആ രണ്ടു ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: ‘‘നാഥാ ഞങ്ങളോടൊത്തു വസിച്ചാലും’’ (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ചു മറ്റുള്ളവരോടു സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്കു ഗമിക്കുന്ന സനാതനയുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പംമുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്കു തിരികെപ്പോയി" (ലൂക്കാ

24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ള വരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറ പ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നു വഴിയായി രക്ഷപ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദി ക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നി വയിൽനിന്നു സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവി നോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനി ക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*: 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യു ത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്കു താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടിയെന്നുപറയാനാകില്ല. ആകയാൽ, നമ്മുടെ പ്രേഷിതദൗത്യത്തിനു പ്രഥമവും പ്രധാനവുമായ വിഭവമെന്നു പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിത വുമായ വേളകളിൽപ്പോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്കു സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes*) സനാതനസാധ്യതയെക്കുറിച്ചു വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമി യുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങ ളെയും സുവിശേഷവത്കരിക്കുകയെന്നു പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്ന തകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യ കുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളുമുപരി സമാധാനത്തിന്റെ

സദ്വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്കു ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*: 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിതദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാനമാതൃകയായിരിക്കുന്നത് പ്രേഷിതപ്രവർത്തനംതന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*: 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ, ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി. 5:14). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിനു നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അതു നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുകയെന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്"

(2 കോറി. 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോടു സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതികകാഴ്ചവസ്തുക്കൾ, നമ്മുടെ സഹനത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമസാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോകമിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസപ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്കു (Pontifical Society for the Propagation of the Faith)വേണ്ടിയുള്ളതാണ്.

മിഷനറിപ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിനു നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മകസഞ്ചാരത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്നു പറയുന്നത് സഭ തന്നിലേക്കുതന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്തു വിശ്വസിക്കുയും എന്തു നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷികമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവുമല്ല; മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണു സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്കു വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്കു നിർവഹിക്കാനാകും.

വഴിമധ്യേ എന്താണു സംഭവിച്ചതെന്ന് എമ്മാവൂസിലേക്കുപോയ ആ രണ്ടു ശിഷ്യർ മറ്റുള്ളവരോടു പറഞ്ഞതുപോലെ (ലൂക്കാ 24:35) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചുമായിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്കു വീണ്ടും ഇറങ്ങിപ്പുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങിച്ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നുവയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ചു സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിതരംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യകാമറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025.

സർക്കുലർ 320

# പാലാ കാരിത്താസ് ഞായർ

മിശിഹായിൽ ഏറ്റവും ബഹു. വൈദികരേ, സന്ന്യാസിനീ സന്ന്യാസിമാരേ, സഹോദരീസഹോദരന്മാരേ,

"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ. 6.36). കരുണയുടെ നീർച്ചാലുകൾക്കുമേൽ സ്വാർത്ഥതയുടെ ചിറകെട്ടുന്ന ഇന്നിന്റെ ലോകത്തിൽ കരുണയുടെ സ്പർശ മാണ് പാലാ രൂപതയുടെ പാലാ കാരിത്താസ് വിദ്യാഭ്യാസ സഹായപദ്ധതി. കരുണയുടെ നീർച്ചാലുകൾ ഇനിയും വറ്റി യിട്ടില്ല എന്നുദ്യോതിപ്പിക്കുന്ന സുമനസ്സുകളുടെ കൂട്ടായ്മയായ ഈ പദ്ധതി തുടങ്ങിയിട്ട് പത്തുവർഷം പൂർത്തിയാകുക യാണ്. 2013 ലെ വിശ്വാസവർഷത്തിൽ തുടക്കമിട്ട ഈ പദ്ധതി യിലൂടെ സാമ്പത്തികബുദ്ധിമുട്ടുള്ള കുടുംബങ്ങളിലെ കുട്ടി കൾക്കു തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനു സാമ്പത്തിക സഹായം നൽകിവരുന്നു.

അനുദിനം ചെലവുകളേറിവരുന്ന വിദ്യാഭ്യാസരംഗത്തു സാധാരണക്കാർക്ക് വിദ്യാഭ്യാസം ഒരു സ്വപ്നംമാത്രമായി അവ ശേഷിക്കാതിരിക്കാനുള്ള കരുതലും താങ്ങുമാണ് ഈ സംരംഭം. "ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ, ഈശോയ്ക്ക് അവ രുടെമേൽ അനുകമ്പ തോന്നി" (മത്തായി 9.36). ഈശോ യ്ക്കുണ്ടായിരുന്ന ഈ കരുതൽ നമുക്കും തോന്നേണ്ടത് അനി വാര്യമാണ്.

നാളിതുവരെ 1450 കുട്ടികൾക്ക് സഹായം നൽകാൻ നമുക്കു സാധിച്ചു. ഏകദേശം നാലേമുക്കാൽ കോടി രൂപ ഇതി നോടകം പലിശരഹിതവായ്പയായി വിതരണം ചെയ്തു. നാളി തുവരെ ഈ പദ്ധതിയോടു സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു. ഇനിയും സുമനസ്സുകളുടെ സഹായസഹകരണ ങ്ങൾ പ്രതീക്ഷിക്കുകയാണ്. നമ്മുടെ രൂപതാകേന്ദ്രത്തിലാണ്

പാലാ കാരിത്താസിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. ഒക്ടോബർ മാസം 15-ാം തീയതി സ്വീകരിക്കുന്ന സ്തോത്രക്കാഴ്ച ഈ നിയോഗത്തിലേക്കു നല്കുന്നതിനായി പരിശ്രമിക്കുമല്ലോ. കരുണാമയനായ കർത്താവ് നമുക്ക് പ്രതിഫലം നൽകുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.09.2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: 2023 ഒക്ടോബർ മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1006/2023

# DECREE

## Particular Law on Betrothal and Publishing of Banns in Mixed Marriages

## Solemnized with Dispensation from Catholic Form of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from August 21 to 26, 2023, in accordance with CCEO c. 110 §1, approved by voting the law on betrothal and publishing of banns in mixed marriages solemnized with dispensation from Catholic form of marriage, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. Betrothal and publication of banns shall be allowed in mixed marriages solemnized with dispensation from the Catholic form of marriage if requested by at least one of the parties.

ii. Banns shall indicate that the marriage announced is solemnized with dispensation from the Catholic form of marriage granted by the Major Archbishop and that it will be solemnized in the Church of the non-Catholic party.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

Cardinal George Alencherry
Major Archbishop of the Syro-Malabar Church

Fr. Abraham Kavilpurayidathil
Major Archiepiscopal Chancellor

Prot. No. 1007/2023

# DECREE

## Particular Law on Civil Registration of Marriage for Obtaining

## Family Visa before Sacramental Solemnization of Marriage

Whereas the III Session of the XXXI Synod of Bishops of the Syro-Malabar Church held from 21 to 26 August, 2023, in accordance with CCEO c. 110 §1, approved by voting the law on civil registration of marriage of Syro-Malabar faithful before solemnizing sacramental marriage for the purpose of obtaining family visa, the undersigned Cardinal George Alencherry, Major Archbishop of the Syro-Malabar Church, as per c. 112 §1 of CCEO, promulgates the following:

i. The Syro-Malabar faithful who, for serious reasons such as obtaining family visa to foreign countries find it necessary to register their marriages under relevant civil law before the sacramental solemnization of the marriage in the church, may approach their own local hierarch, with proper application and testimonial letter from the parish priest concerned, for obtaining permission to that effect.

ii. The party who approaches the local hierarch for permission shall present a written request to that effect which shall carry the undertaking that they will not live together, being aware of the sinfulness of cohabitation before the sacramental marriage and that they will get marriage sacramentally solemnized at the earliest possibility. In addition, the request shall also carry the signatures of both the bride and the bridegroom.

iii. The testimonial letter shall indicate whether the applicant/s belong to the parishes indicated in the application and whether the facts mentioned are true.

iv. Ordinarily the request is to be addressed to the local hierarch of the bridegroom. However, when the local hierarch of the bridegroom cannot be accessed, then the local hierarch of the bride may be approached.

v. In the permission it shall be specifically mentioned that it is granted under condition that the applicants agree not to cohabit before sacramental marriage and that they will get married sacramentally at the earliest possibility.

i. vi. After the civil registration of the marriage a copy of the certificate of registration shall be given to both parish priests and the information about the marriage shall be entered in a special section of the marriage registers of both the parishes.

vii. If at least one of the parties requests for betrothal and publication of banns before the solemnization of the sacramental marriage, the request shall be granted by the parish priests. To do so, no permission from the local hierarch is required.

viii. The date of marriage to be entered in the marriage register after the sacramental marriage is the date of the sacramental marriage. In the remark column, however, the date of the civil marriage is to be mentioned.

ix. While issuing marriage certificates the parish priests shall indicate the date of sacramental solemnization.

All contrary dispositions notwithstanding.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas, Kakkanad on 21 September 2023, the Feast of St. Mathew the Apostle.

**Cardinal George Alencherry**

Major Archbishop of the Syro-Malabar Church

**Fr. Abraham Kavilpurayidathil**

Major Archiepiscopal Chancellor

## മിശ്രവിവാഹത്തിലെ മനസ്സമ്മതവും വിളിച്ചുചൊല്ലലും

കത്തോലിക്കക്രമത്തിൽ(form)നിന്ന് ഒഴിവു (Dispensation) നേടി അകത്തോലിക്കാവിഭാഗത്തിൽപ്പെട്ടവരുമായി നടത്തുന്ന വിവാഹത്തിന് അവരിൽ ഏതെങ്കിലുമൊരു കക്ഷിയുടെ അപേക്ഷപ്രകാരം മനസ്സമ്മതവും വിളിച്ചുചൊല്ലലും നടത്താവുന്നതാണ്. മേജർ ആർച്ചുബിഷപ്പിൽനിന്ന് ഒഴിവ് (Dispensation) ലഭിച്ച വിവരവും അകത്തോലിക്ക കക്ഷിയുടെ ദൈവാലയത്തിൽവച്ചാണ് വിവാഹം പരികർമ്മം ചെയ്യുന്നത് എന്നുള്ള കാര്യവുംകൂടി വിളിച്ചുചൊല്ലൽ നടത്തുമ്പോൾ സൂചിപ്പിക്കേണ്ടതാണ്.

## വിവാഹകൂദാശ സ്വീകരിക്കുന്നതിനുമുമ്പ് നടത്തുന്ന സിവിൽ വിവാഹരജിസ്ട്രേഷൻ

വിദേശരാജ്യങ്ങളിലേക്കുള്ള ഫാമിലി വിസ നേടുന്നതിനുംമറ്റുമായി വിവാഹത്തിന്റെ കൗദാശികസ്വീകരണത്തിനുമുമ്പ് സിവിൽ രജിസ്ട്രേഷൻ നടത്തേണ്ടിവന്നാൽ, അതിനായി കക്ഷികളുടെ അപേക്ഷയോടും അവരുടെ ഇടവകവികാരിമാരുടെ സാക്ഷ്യപത്രത്തോടുംകൂടെ രൂപതാമേലധ്യക്ഷന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷ നൽകുമ്പോൾ വിവാഹസ്വീകരണത്തിനുമുമ്പ് ഒരുമിച്ചു താമസിക്കുന്നതു പാപമാണെന്നു ബോധ്യമുള്ളതിനാൽ അങ്ങനെ ചെയ്യുകയില്ലെന്നും ഏറ്റവും അടുത്ത സമയത്ത് ദൈവാലയത്തിൽവച്ച് വിവാഹകൂദാശ സ്വീകരിക്കുന്നതാണെന്നും എഴുതി നൽകേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ നൽകുന്ന കത്തിൽ ഇപ്രകാരം അനുമതി വാങ്ങിക്കുന്നതിന്റെ കാരണങ്ങൾ ന്യായമാണെന്നു സാക്ഷ്യപ്പെടു

ത്തേണ്ടതാണ്. സാധാരണയായി വരന്റെ മേലധ്യക്ഷനാണ് ഈ അപേക്ഷ സമർപ്പിക്കേണ്ടത്; അതിനു സാധിക്കാതെവരികയാണെങ്കിൽ വധുവിന്റെ മേലധ്യക്ഷനെ സമീപിക്കാവുന്നതാണ്. സിവിൽ രജിസ്ട്രേഷൻ നടത്തിക്കഴിയുമ്പോൾ അതിന്റെ സർട്ടിഫിക്കറ്റിന്റെ കോപ്പി ഇരുകക്ഷികളുടെയും ഇടവക വികാരിമാർക്ക് നൽകേണ്ടതാണ്. ഈ വിവരം ഇരുകക്ഷികളുടെയും ഇടവകവികാരിമാർ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്. അനുവാദം വാങ്ങി രജിസ്റ്റർ ചെയ്ത ശേഷം വിവാഹം ദൈവാലയത്തിൽവച്ചു നടത്തുമ്പോൾ ഏതെങ്കിലും ഒരു കക്ഷിയുടെ ആവശ്യപ്രകാരം മനസ്സമ്മതവും വിളിച്ചുചൊല്ലലും നടത്തുന്നതിന് രൂപതാധ്യക്ഷന്റെ അനുവാദം തേടേണ്ടതില്ല. പള്ളിയിലെ വിവാഹരജിസ്റ്ററിൽ വിവാഹത്തീയതിയായി ചേർക്കേണ്ടത് കൗദാശികവിവാഹത്തിന്റെ തീയതിയാണ്. റിമാർക്ക് കോളത്തിൽ സിവിൽ രജിസ്ട്രേഷന്റെ തീയതി എഴുതിച്ചേർക്കേണ്ടതാണ്. ഇടവകവികാരി വിവാഹ സർട്ടിഫിക്കറ്റ് നൽകുമ്പോൾ കൗദാശികവിവാഹത്തിന്റെ തീയതിയോടൊപ്പം സിവിൽ രജിസ്ട്രേഷന്റെ തീയതിയുംകൂടി ചേർക്കേണ്ടതാണ്.

---

NB : 2023 ഒക്ടോബർ മാസം 8-ാം തീയതി ഞായറാഴ്ച ഈ വിവരം എല്ലാ ദൈവാലയങ്ങളിലും അറിയിക്കേണ്ടതാണ്.

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളിയുടെ സ്മരണയ്ക്കായി ദൈവാലയശുശ്രൂഷികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിനുവേണ്ടി അപേക്ഷ ക്ഷണിക്കുകയാണ്. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ ശുശ്രൂഷിയായി സ്ഥിരം നിയമനം ലഭിച്ച് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയവരും 2023 ജനുവരി 1 ന് 25 വയസ്സ് തികഞ്ഞവരുമായ ശുശ്രൂഷികളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

ബഹു. വികാരിയച്ചന്മാരാണ് അവാർഡുനിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം ആവശ്യമുള്ള ബഹു. വികാരിയച്ചന്മാർ രൂപതാകേന്ദ്രവുമായി ബന്ധപ്പെടുമല്ലോ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഒക്ടോബർ 31 ആയിരിക്കും.

നിശ്ചിത എണ്ണത്തിൽ കുറവായി അപേക്ഷകൾ ലഭിക്കുകയോ അർഹനായ വ്യക്തിയെ കണ്ടെത്താൻ കഴിയാതെ വരുകയോ ചെയ്താൽ, ഈ വർഷത്തെ അവാർഡ് റദ്ദാക്കാൻ അവാർഡു കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് തടത്തിൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്

# ഗ്രാൻഡ് യൂക്കരിസ്റ്റിക് മിഷനു നന്ദിയോടെ

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായും പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെയും അതോടനുബന്ധിച്ചുള്ള എപ്പാർക്കിയൽ അസംബ്ലിയുടെയും മുന്നൊരുക്കമായും പരിശുദ്ധ കുർബാന വർഷാചരണപ്രവർത്തനങ്ങൾ ശക്തമാക്കികൊണ്ട് പാലാ രൂപത മുഴുവനെയും സംയോജിപ്പിച്ചുള്ള Grand Eucharistic Mission (GEM 2023) സമാപിച്ചു. സെപ്റ്റംബർ 15 ന് ആരംഭിച്ച GEM 2023 ഒൻപതു ദിവസംകൊണ്ടു പൂർത്തീകരിക്കാനായി. രൂപതയിലെ 171 ഇടവകകളിലായി വൈദികരും സന്ന്യാസിനികളും അല്മായപ്രേഷിതരും ഉൾപ്പെടുന്ന നാല് അംഗങ്ങൾ വീതമുള്ള 35 ടീമുകളാണ് പ്രഭാഷണങ്ങൾക്കും ആരാധനയ്ക്കും ദിവ്യകാരുണ്യപ്രദക്ഷിണങ്ങൾക്കും നേതൃത്വം നൽകിയത്.

സെപ്റ്റംബർ 9, ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ബിഷപ്സ് ഹൗസിൽ ടീം അംഗങ്ങൾക്കായി നടന്ന പരിശീലന പരിപാടി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠം പ്രസിഡന്റ് പെരി. ബഹു. പോളി മണിയാട്ട് അച്ചൻ ക്ലാസ്സുകൾ നയിച്ചു. രൂപത പ്രോട്ടോ സിഞ്ചെല്ലുസ് ഫാ. ജോസഫ് തടത്തിൽ, GEM -2023 കോർഡിനേറ്റർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ടീം അംഗങ്ങളായ ഫാ. ജോസഫ് നരിതൂക്കിൽ, ഫാ. ജോർജ്ജ് നെല്ലിക്കുന്നുചെരിവുപുരയിടം എന്നിവർ നേതൃത്വം നൽകി. ഇടവകകളിൽ നടന്ന Grand Eucharistic Mission ൽ രൂപത മുഖ്യവികാരിജനറാൾ ഫാ. ജോസഫ് തടത്തിൽ, വികാരി ജനറാളച്ചന്മാരായ പെരി. ബഹു. ജോസഫ് മലേപ്പറമ്പിൽ, പെരി. ബഹു. സെബാസ്റ്റ്യൻ വേത്താനത്ത്, പെരി. ബഹു. ജോസഫ് കണിയോടിക്കൽ എന്നിവർ എല്ലാ ഇടവ

കകളും സന്ദർശിച്ച് സന്ദേശം നൽകി. Grand Eucharistic Mission ദൈവജനത്തിന് വലിയൊരു ദൈവാനുഭവമായി.

പാലാ രൂപതയുടെ ഐക്യവും തീക്ഷ്ണതയും GEM 2023 വഴി വ്യക്തമാക്കുവാൻ നമുക്കു പ്രചോദനവും ഊർജ്ജ വുമായത് നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നേതൃത്വപാടവും കൂട്ടായ പ്രവർത്ത നങ്ങളോടുള്ള അതിരറ്റ താത്പര്യവും ആഭിമുഖ്യവുമാണ്. GEM- 2023 വലിയ ഒരു വിജയമായിട്ടുണ്ടെങ്കിൽ, ഇടവക കൾക്കു നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാരും അവ രുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് വികാരിയച്ചന്മാരും ബന്ധ പ്പെട്ട മറ്റു വൈദികരും ബഹു. സിസ്റ്റേഴ്സും കൈക്കാരന്മാരും യോഗപ്രതിനിധികളും കൂട്ടായ്മാഭാരവാഹികളും വിശ്വാസപരി ശീലകരും സംഘടനാ ഭാരവാഹികളും നടത്തിയ കൂട്ടായ പ്രവർത്തനമാണ് പ്രധാന കാരണമെന്നത് അവിതർക്കിതമായ കാര്യമാണ്. GEM-2023 നു 35 ടീമുകളായി നേതൃത്വം നൽകിയ 140 പേരുടെ ത്യാഗം വിവരണാതീതമാണല്ലോ. ഇത്തരം പ്രവർത്തനങ്ങൾക്കു ചടുലവും കർമ്മനിരതവുമായ ക്രമീകരണങ്ങൾ നടത്തിയത് ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ജോസഫ് നരിതൂക്കിൽ, ഫാ. ജോർജ്ജ് നെല്ലിക്കുന്നു ചെരിവുപുരയിടം എന്നിവരാണ്. ഏവരെയും സ്നേഹത്തോടെ ഓർക്കുന്നു.

2023 ഡിസംബർ 23 ന് ആണല്ലോ നമ്മുടെ രൂപതാദിവ്യകാരുണ്യ കോൺഗ്രസ്. ഈ പരിശുദ്ധ കുർബ്ബാന വർഷത്തിൽ രൂപത, ഫൊറോന, ഇടവക, കുടുംബ, വ്യക്തിതല ങ്ങളിൽ നടപ്പാക്കേണ്ട മറ്റു വിവിധ കർമ്മപദ്ധതികളും അഭി വന്ദ്യ പിതാവ് പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. GEM 2023ന്റെ തുടർച്ച ഈ കർമ്മപദ്ധതികളിലൂടെ നമുക്ക് പൂർത്തീകരിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് തടത്തിൽ**

പ്രോട്ടോ സിഞ്ചെല്ലൂസ് & പി.ആർ.ഒ

## അറിയിപ്പ്

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

## പാലാ രൂപത

പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ലോവർ പ്രൈമറി (എൽ.പി.) വിഭാഗത്തിൽ അടുത്ത വർഷങ്ങളിൽ ഉണ്ടാകാവുന്ന എൽ. പി.എസ്.റ്റിമാരുടെയും യു.പി. ഹൈസ്കൂൾ വിഭാഗത്തിലെ ഹിന്ദി അധ്യാപകരുടെയും താത്കാലിക ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ഡി.എൽ.എഡ് /റ്റി.റ്റി.സിയും കെ-ടെറ്റും (കേരളാ ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്) യോഗ്യതയുള്ളവരെ എൽ. പി.എസ്.റ്റി. ഒഴിവുകളിലും ഹിന്ദി അധ്യാപക യോഗ്യതയും കെ-ടെറ്റും ഉള്ളവരെ ഹിന്ദി അധ്യാപക ഒഴിവിലും പരിഗണിക്കും. താത്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാഫോമും യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും (മാർക്കു ലിസ്റ്റ് സഹിതം) ബഹുമാനപ്പെട്ട വികാരിയച്ചന്റെ പക്കൽനിന്നുള്ള സ്വഭാവസർട്ടിഫിക്കറ്റും സഹിതം 2023 ഒക്ടോബർ 30 തിങ്കളാഴ്ച വൈകിട്ട് 4 നു മുമ്പായി ഷാലോം പാസ്റ്ററൽ സെന്ററിലെ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. (അപേക്ഷാഫോമുകൾ 05.10.2023 വ്യാഴാഴ്ച മുതൽ കോർപ്പറേറ്റ് ഓഫീസിൽ ലഭ്യമാണ്).

**ഫാ. ബർക്കുമാൻസ് കുന്നുംപുറം**

പാലാ — കോർപ്പറേറ്റ് മാനേജർ

19.09.2023 — (ബൈ പവർ ഓഫ് അറ്റോർണി)

NB : ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ ഈ അറിയിപ്പ് വായിക്കണമെന്നപേക്ഷിക്കുന്നു.

## അറിയിപ്പ്

# കാരിത്താസ് ഇൻഡ്യ - നാഷണൽ അസംബ്ലി പാലായിൽ

ബഹുമാനപ്പെട്ട അച്ചന്മാരേ, സിസ്റ്റർമാരേ, അല്മായസഹോദരങ്ങളേ,

സാമൂഹികക്ഷേമം എന്നും എക്കാലവും സഭയുടെ മുഖമുദ്രയാണ്. കത്തോലിക്കാസഭയുടെ സാമൂഹികപ്രവർത്തനവിഭാഗമായ കാരിത്താസ് യൂണിവേഴ്സിന്റെ രക്ഷാധികാരി പരിശുദ്ധ ഫ്രാൻസീസ് പാപ്പായാണ്. നമ്മുടെ രാജ്യത്തെ എല്ലാ രൂപതകളും ഉൾച്ചേരുന്ന സാമൂഹികപ്രവർത്തന വേദിയാണ് കാരിത്താസ് ഇൻഡ്യ. പ്രകൃതിക്ഷോഭങ്ങൾ, ദുരന്തങ്ങൾ, മഹാമാരികൾ. യുദ്ധങ്ങൾ തുടങ്ങി പരസഹായം അനിവാര്യമാകുന്ന ഏതു സന്ദർഭത്തിലും കാരിത്താസ് ഇൻഡ്യ സഹായഹസ്തവുമായെത്തുന്നു. ലാത്തൂർ ഭൂകമ്പംമുതൽ കൂട്ടിക്കൽ ദുരന്തംവരെ കാരിത്താസ് ഇൻഡ്യയുടെ ഇടപെടൽ കണ്ടറിഞ്ഞവരാണു നമ്മൾ. കാരിത്താസ് ഇൻഡ്യയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി നമ്മുടെ രാജ്യത്തെ എല്ലാ രൂപതകളുടെയും സോഷ്യൽ വർക്ക് സൊസൈറ്റികളുടെ ഡയറക്ടറച്ചന്മാർ സംഗമിക്കുന്ന ദേശീയ അസംബ്ലി ആദ്യമായി നമ്മുടെ സംസ്ഥാനത്ത് പാലായിൽ വച്ചു നടത്തപ്പെടുകയാണ്. 2023 ഒക്ടോബർ 12,13,14 തീയതികളിലായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് അസംബ്ലി നടക്കുന്നത്. പഠനശിബിരങ്ങൾ, സമ്മേളനങ്ങൾ, പ്രദർശനസ്റ്റാളുകൾ, കലാപരിപാടികൾ, പഠനയാത്രകൾ തുടങ്ങിയവ അസംബ്ലിയുടെ ഭാഗമായി ഉണ്ടായിരിക്കും. അഭിവന്ദ്യ പിതാക്കന്മാരുടെ ദേശീയസമ്മേളനത്തിന് ആതിഥ്യമരുളി ചരിത്രമെഴുതിയ നമ്മുടെ രൂപതയ്ക്ക്, ദേശീയപ്രാധാന്യമുള്ള ഒരു സമ്മേളനത്തിനുകൂടി വേദിയൊരുക്കാൻ സാധിക്കുന്നത് അഭിമാനകരമാണ്. ഇതു സംബന്ധിച്ച അറിയിപ്പുകൾ വിശ്വാസിസമൂഹത്തിനായി പള്ളിയിൽ നൽകണമെന്നും വിജയകരമായ നടത്തിപ്പിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് കിഴക്കേൽ**

PSWS ഡയറക്ടർ

# റോമിൽ നടക്കുന്ന സിനഡിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

സീറോമലബാർസഭയിലെ എല്ലാ ദൈവാലയങ്ങളിലും
വിശുദ്ധ കുർബാനയിലെ കാറോസൂസായിൽ ചേർത്തുചൊല്ലേണ്ടത്.
(2023 ഒക്ടോബർ ഒന്നാം തീയതി
ഞായറാഴ്ച മുതൽ 29 ഞായറാഴ്ച വരെ)

**ശുശ്രൂ.** എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരോടൊപ്പം യാത്രചെയ്തു
വിശുദ്ധലിഖിതം വിശദീകരിക്കുകയും
അപ്പമെടുത്തു ആശീർവദിച്ചു മുറിച്ചുനല്കുകയും
അതുവഴി അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്ത മിശിഹായേ,
ഫ്രാൻസിസ് മാർപാ പ്പയുടെ നേതൃത്വത്തിൽ
റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിനെയും
അതിൽ പങ്കെടുക്കുന്ന എല്ലാവരെയും
പരിശുദ്ധാത്മാവിനാൽ നയിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യണമേ.
കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതദൗത്യത്തിലും ശക്തിപ്പെട്ടു
കാലത്തിന്റെ ആവശ്യങ്ങളനുസരിച്ചു പുതിയ സമീപനങ്ങൾ സ്വീകരിക്കാനും
സുവിശേഷത്തിനു സജീവവും ആകർഷകവുമായ സാക്ഷ്യം നല്കാനും ഉതകുന്ന
സഭാജീവിതശൈലി രൂപപ്പെടുത്താൻ
ഈ സിനഡുസമ്മേളനത്തെ അനുഗ്രഹിക്കണമേ
എന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

**സമൂ.** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

# കച്ചേരിക്കാര്യം

## Transfers & Appointments (September 2023)

| | Name | |
|---|---|---|
| 1 | Thonakkara Antony | Asst. Rector, Alphonsa Shrine Church & Pilgrim Center, Bharananganam |
| 2 | Keeramthadathil Joseph | Pastoral Ministry, Eparchy of Great Britain |
| 3 | PurakkattuputhenpuraJohn | German Studies |
| 4 | Pakkarampel John | Secretary to Bishop of Palai |
| 5 | Cheeramkuzhy George | Spiritual Director, Alphonsa Shrine Church & Pilgrim Center, Bharananganam |
| 6 | Ettackakunnel George | Sick leave, Casa del Clero, Cherpunkal |
| 7 | Kottarathil George | Asst. Vicar, Muttuchira |
| 8 | Kadhaliyil Joseph | Asst. Vicar, Aruvithura |
| 9 | Kappiliparampil Kuriakose | Vice Principal, St Thomas College, Palai |

## അറിയിപ്പ്

### മിഷൻ സൺഡേ

ഒക്ടോബർ 22-ാം തീയതി മിഷൻ ഞായറാണല്ലോ. അന്നേ ദിവസം വിശുദ്ധ കുർബാനമദ്ധ്യേ മിഷൻ ഞായർ പിരിവു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക നവംബർ 15-ാം തീയതിക്കുമുമ്പായി ബഹു. രൂപതാപ്രൊക്യുറേറ്ററച്ചനെ ഏല്പിക്കുകയും ചെയ്യുമല്ലോ.

ഇടവകകളും സ്കൂളുകളും സ്ഥാപനങ്ങളും ഈ സംരംഭത്തിൽ സംബന്ധിക്കണമെന്നു പ്രത്യേകം താത്പര്യപ്പെടുന്നു. മുൻവർഷങ്ങളിലേതുപോലെ മിഷൻ സൺഡേ കളക്ഷനു വിവിധ ഗ്രൂപ്പടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.

# NEEDY CHURCH FUND 2023-24

| Sl. No. | Parish | Sanctioned Amount (Rs.) |
|---|---|---|
| 1 | Adivaram | 50,000 |
| 2 | Alphonsapuram | 1,00,000 |
| 3 | Arakkulam Old | 1,50,000 |
| 4 | Ayyampara | 50,000 |
| 5 | Chennad | 1,00,000 |
| 6 | Cholathadam | 2,00,000 |
| 7 | D C M S | 75,000 |
| 8 | Edappady | 75,000 |
| 9 | Elappally | 2,50,000 |
| 10 | Eravimangalam | 1,00,000 |
| 11 | Geovalley | 1,50,000 |
| 12 | Josemount (Illiary) | 2,00,000 |
| 13 | Kaippally | 75,000 |
| 14 | Kakkoor | 2,50,000 |
| 15 | Kavaly | 50,000 |
| 16 | Kayyoor | 2,50,000 |
| 17 | Kudayathoor | 6,00,000 |
| 18 | Kulamavu | 1,00,000 |
| 19 | Kurinji | 75,000 |
| 20 | Malappuram | 6,00,000 |
| 21 | Mangalagiri | 1,00,000 |
| 22 | Mangalaram | 2,50,000 |
| 23 | Maniamkunnu | 2,00,000 |
| 24 | Manjamattom | 1,00,000 |

| | | |
|---|---|---|
| 25 | Mattakkara | 1,00,000 |
| 26 | Monnani | 2,00,000 |
| 27 | Mount Nebo | 5,00,000 |
| 28 | Nellappara | 1,00,000 |
| 29 | Nelliyani | 1,50,000 |
| 30 | Paingalam | 2,50,000 |
| 31 | Palakad | 1,50,000 |
| 32 | Payyanithottam | 2,00,000 |
| 33 | Perumthuruth | 3,00,000 |
| 34 | Poovakulam | 3,00,000 |
| 35 | Poovathodu | 5,00,000 |
| 36 | Santhigiri | 1,00,000 |
| 37 | Santhipuram | 2,00,000 |
| 38 | Thirumarady | 1,00,000 |
| 39 | Vagamon | 1,50,000 |
| 40 | Varianikad | 50,000 |
| 41 | Vedagiri | 1,00,000 |
| 42 | Velliamattom | 1,00,000 |
| 43 | Vellikulam | 3,00,000 |
| 44 | Vimalagiri | 1,00,000 |
| 45 | Xavierpuram | 1,50,000 |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | പാപ്പച്ചൻ കൊണ്ടാട് | 10,000.00 | 50,000.00 |
| 2 | ബോബൻ പെരിങ്ങുളം | 30,000.00 | |
| 3 | മാനുവൽ മേരിലാന്റ് | 30,000.00 | |
| 4 | സ്വപ്ന പയസ്മൗണ്ട് | 30,000.00 | |
| 5 | റ്റി.വി. മാത്യു പറത്താനം | 20,000.00 | |
| 6 | റോയി വലവൂർ | 20,000.00 | |
| 7 | ആൻസി അറക്കുളം പുതിയപള്ളി | 25,000.00 | |
| 8 | സാലി കടപ്ലാമറ്റം | 25,000.00 | |
| 9 | ബേബി ഏഴാച്ചേരി | 1,000,000.00 | |
| 10 | ലിസി ഏഴാച്ചേരി | 200,000.00 | |
| 11 | ജോയ് കുറുമണ്ണ് | | 26,066.00 |
| 12 | മേരി കുറുമണ്ണ് | | 20,095.00 |
| 13 | മനോജ് കുറുമണ്ണ് | | 16,025.00 |
| 14 | അന്നമ്മ കുറുമണ്ണ് | | 11,740.00 |
| 15 | വത്സ C/o. CMC കിടങ്ങൂർ | | 10,000.00 |
| 16 | ചന്ദ്രമതി C/o. CMC അന്തീനാട് | | 15,000.00 |
| 17 | റോസമ്മ C/o. CMC കുറവിലങ്ങാട് | | 20,000.00 |
| 18 | ബാബു C/o. CMC പിഴക് | | 15,000.00 |
| 19 | സിജോ C/o. CMC എലിക്കുളം | | 100,000.00 |
| 20 | സുജ C/o. CMC കടപ്ലാമറ്റം | | 50,000.00 |
| 21 | തോമസ് C/o. CMC കുറിഞ്ഞി | | 50,000.00 |
| 22 | പ്രവീൺ മീനച്ചിൽ | | 1,100,000.00 |
| 23 | ബിജോ മീനച്ചിൽ | | 1,125,000.00 |
| 24 | അനിത മീനച്ചിൽ | | 850,000.00 |
| 25 | സംഗീത മീനച്ചിൽ | | 1,500,000.00 |
| 26 | ജിജോ മീനച്ചിൽ | | 400,000.00 |

### സ്ഥലം നൽകിയത്

| | | | |
|---|---|---|---|
| 1 | എൻ. ജെ. വർഗീസ് നെടുംപള്ളി | 16 Cent | |

### സാമ്പത്തികസഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | റവ. ഫാ. അലക്സാണ്ടർ കോഴിക്കോട് | 100,000.00 | |
| 2 | ഡോ. ജോസ് ജെ. നടുത്തൊട്ടി | 50,000.00 | |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ എല്ലാ ചൊവ്വാഴ്ചകളിലും സ്റ്റാഫ് നഴ്സസിനായി വാക്ക് - ഇൻ - ഇന്റർവ്യൂ**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സസിനായി എല്ലാ ചൊവ്വാഴ്ചകളിലും വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തിവരുന്നു. ജി. എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റി പാലാ അഞ്ചാം വർഷത്തിലേക്ക്**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നാലാം വാർഷികാഘോഷവും ആശുപത്രിദിനാചരണവും പാലാ രൂപത ബിഷപ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. അഞ്ചാം വർഷത്തിലേക്കു പ്രവേശിച്ചതിന്റെ ഭാഗമായി പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അഞ്ച് കർമ്മപദ്ധതികളുടെ പ്രഖ്യാപനവും അഭിവന്ദ്യ ബിഷപ് നിർവഹിച്ചു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ടസ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ എന്നിവർ പ്രസംഗിച്ചു. ആശുപത്രി ഫിനാൻസ്, മെറ്റീരിയൽസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഡയറക്ടർ റവ.ഡോ. ഇമ്മാനുവൽ പാറേക്കാട്ട്, ആശുപത്രി ആയുർവേദ, ഹോമിയോപ്പതി, നാച്ചുറോപ്പതി ഡയറക്ടർ റവ. ഫാ. മാത്യു ചേന്നാട്ട്, ഡോക്ടേഴ്സ്, നേഴ്സസ്, സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ലോകരോഗിസുരക്ഷാദിനം ആചരിച്ചു**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ രോഗിസുരക്ഷാദിനത്തോടനുബന്ധിച്ച് ആശുപത്രിയിലെ 11 വകുപ്പുകളുടെ നേതൃത്വത്തിൽ

പൊതുജനങ്ങൾക്കായി ബോധവത്കരണപ്രദർശനപരിപാടിയും, പേഷ്യന്റ് ആൻഡ് ഫാമിലി അഡ്വൈസറി കൗൺസിലിന്റെ പ്രവർത്തനവും ആരംഭിച്ചു. അന്താരാഷ്ട്രമാനദണ്ഡങ്ങൾ പാലിച്ചു രോഗീസുരക്ഷ ഒരുക്കുന്നതിന്റെ അറിവ് പ്രദർശനത്തിലൂടെ പകർന്നു നൽകി. കൗൺസിലിന്റെ പ്രവർത്തനവും, ബോധവത്കരണപ്രദർശനവും കോട്ടയം ജില്ല മെഡിക്കൽ ഓഫിസർ ഡോ. എൻ. പ്രിയ ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, കെ.പി.എച്ച്.എ. പ്രസിഡന്റ് അഡ്വ. ഷേബ ജേക്കബ്, ചീഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഓപ്പറേഷൻസ് എം.ജി.എം. ഡോ. രശ്മി നായർ എന്നിവർ പ്രസംഗിച്ചു. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ പങ്കെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ജെം ഓഫ് ഇടുക്കി പദ്ധതി ആരംഭിച്ചു.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ ഗ്രാമീണമേഖലയിലെ ആരോഗ്യപരിചരണം ഉറപ്പാക്കുന്നതിനായി ജെം ഓഫ് ഇടുക്കി എന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. ഓൺലൈനിലൂടെ രോഗികളെ കണ്ടു വിദഗ്ധചികിത്സ ഉറപ്പാക്കുന്ന ഈ പദ്ധതി മുരിക്കാശ്ശേരി അൽഫോൻസാ ആശുപത്രിയുമായി ചേർന്നാണ് ആരംഭിച്ചത്.

**പെൺകുഞ്ഞ് അബദ്ധത്തിൽ വിഴുങ്ങിയ അരഞ്ഞാണം മാർ സ്ലീവാ മെഡിസിറ്റിയിൽ പുറത്തെടുത്തു.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ മൂന്നരവയസ്സുള്ള പെൺകുഞ്ഞ് അബദ്ധത്തിൽ വിഴുങ്ങിയ അരഞ്ഞാണം പുറത്തെടുത്തു. പള്ളിക്കത്തോട് സ്വദേശികളായ ദമ്പതികളുടെ പെൺകുഞ്ഞാണ് വെള്ളിയരഞ്ഞാണം അബദ്ധത്തിൽ വിഴുങ്ങിയത്. ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് ഡോ. പ്രിജിത്ത് എബ്രഹാം തോമസ്, അനസ്തെറ്റിസ്റ്റുകളായ ഡോ. ലിബി. ജി. പാപ്പച്ചൻ, ഡോ. സേവ്യർ ജോൺ, അത്യാഹിതവിഭാഗത്തിലെ ഡോ. വിപിൻ ലാൽ എന്നിവരുടെ നേതൃത്വത്തിൽ എൻഡോസ്കോപ്പിയിലൂടെ കുഞ്ഞിന്റെ വയറ്റിൽനിന്ന് അരഞ്ഞാണം പുറത്തെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഓണാഘോഷവും കലാ-കായികമത്സരങ്ങളും നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ വാർഷികം, ഓണാഘോഷം എന്നിവയുടെ ഭാഗമായി ജീവനക്കാർക്കായി വിവിധ കലാകായിക മത്സരങ്ങളും അത്തപ്പൂക്കളമത്സരവും നടത്തി. പാലാ സെന്റ് തോമസ് കോളേജ് മൈതാനത്തു നടത്തിയ കായികമത്സരങ്ങൾ ജീവനക്കാരുടെ പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായി.

**മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ബി.എൽ.എസ്. പരിശീലനം നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ബ്രഹ്മമംഗലം എച്ച്.എസ്.എസ്. ആൻഡ് വി.എച്ച്.എസ്.എസിൽ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റുകൾക്കായി ബി.എൽ.എസ്. പരിശീലന പരിപാടി നടത്തി.

**ഇടുക്കി വാഴത്തോപ്പ് പള്ളിയിൽ മെഡിക്കൽ ക്യാമ്പ് നടത്തി.**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഇടുക്കി വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലുമായി സഹകരിച്ചു സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ദ്ധ ഡോക്ടർമാരായ പ്രൊഫ. ഡോ. രാജു ജോർജ്, ഡോ. ശ്രീത ശ്രീനിവാസ്, ഡോ. സാൽവിൻ സാജു, ഡോ. ജോയൽ തോമസ് എന്നിവർ പരിശോധനകൾക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഫ്ളൂറോസ്കോപ്പി യൂണിറ്റിന്റെ ആശീർവാദം നടത്തി**

പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയോളജി വിഭാഗത്തിൽ ആരംഭിച്ച ഫ്ളൂറോസ്കോപ്പി യൂണിറ്റിന്റെ ആശീർവാദം ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൺ രൂപത മെത്രാൻ)

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജയിൻ രൂപതാ മെത്രാൻ)

**2. ബഹു. വൈദികരുടെ സ്ഥലംമാറ്റം**

തീർത്ഥാടനകേന്ദ്രത്തിൽ ഒന്നരവർഷക്കാലം വൈസ് റെക്ടറായി സേവനം ചെയ്ത ഫാ. ജോസഫ് കീരാംതടത്തിൽ ഗ്രേറ്റ് ബ്രിട്ടൺ രൂപതയിൽ പാസ്റ്ററൽ ശുശ്രൂഷകൾക്കായി സ്ഥലംമാറി. അച്ചന്റെ എല്ലാ സേവനങ്ങൾക്കും നന്ദി അർപ്പിച്ചുകൊള്ളുന്നു.

**3. ബഹു. വൈദികരുടെ നിയമനം**

തീർത്ഥാടനകേന്ദ്രത്തിന്റെ പുതിയ വൈസ് റെക്ടറായി ഫാ. ആന്റണി തോണക്കര നിയമിതനായി. അച്ചന് എല്ലാ ആശംസകളും നേരുന്നു. തീർത്ഥാടന കേന്ദ്രത്തിൽ ആത്മീയശുശ്രൂഷകൾക്കായി ഫാ. ജോർജ് ചീരാംകുഴി നിയമിതനായി. അച്ചന്റെ എല്ലാ ശുശ്രൂഷകൾക്കും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**4. ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയ ശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കുവേണ്ടി 2023 സെപ്തംബർ 3 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു.

**5. രാത്രിയാരാധന**

2023 സെപ്തംബർ 30 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ

ആഭിമുഖ്യത്തിൽ രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**6. ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാലപ്രദക്ഷിണത്തിനു സെപ്റ്റംബർ മാസം നേതൃത്വം നൽകിയ ഇടവകകൾ: ഐങ്കൊമ്പ് (02/09/23), കുറുമണ്ണ് (09/09/23), മാനത്തൂർ (16/09/23), കളത്തൂക്കടവ് (23/09/23), ഇടമറുക് (30/09/2023).

ഒക്ടോബർ മാസം ജപമാല പ്രദക്ഷിണത്തിനു നേതൃത്വം നൽകുന്ന ഇടവകകൾ: കയ്യൂർ (07/10/2023), മേരിലാന്റ് (14/10/2023), മേലുകാവുമറ്റം (21/10/2023), ജിയോവാലി (28/10/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2023 -2024**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിന്റെ സെപ്റ്റംബർ മാസത്തെ ക്ലാസ്സുകൾ സെപ്റ്റംബർ 06, 09, 22, 27 എന്നീ തീയതികളിൽ നടന്നു. റവ. ഫാ. അഗസ്റ്റിൻ കണ്ടത്തികുടിലിൽ ക്ലാസ്സുകൾ നയിച്ചു.

ഒക്ടോബർ മാസത്തിലെ ക്ലാസ്സുകൾ :

ഒക്ടോബർ 23, 24 - സഭാചരിത്രം, ഫാ. ജെയിംസ് പുലിയുറുമ്പിൽ

**2 . പ്രമോട്ടർമാരുടെ സന്ദർശനം**

രൂപതയിലെ സൺഡേസ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിശ്വാസപരിശീലകരും കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനുമായി രൂപതാപ്രമോട്ടേഴ്സ് ടീം നടത്തുന്ന സന്ദർശനം പൂർത്തിയായി.

**3. സാഹിത്യമത്സരങ്ങൾ 2023- 2024**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ രൂപതാകലോത്സവത്തിന്റെ ഭാഗമായിട്ടുള്ള രൂപതാതല സാഹിത്യമത്സരങ്ങൾ 2023 സെപ്റ്റംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.45 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. വിവിധ ഇടവകളിൽനിന്നായി 680 മത്സരാർത്ഥികൾ പങ്കെടുത്തു.

**4. സാഹിത്യമത്സരങ്ങളുടെ റിസൽട്ട്**

2023 സെപ്റ്റംബർ 3 ഞായറാഴ്ച നടത്തിയ രൂപതാതല സാഹിത്യമത്സരങ്ങളുടെ ഫലം സെപ്റ്റംബർ 12 ചൊവ്വാഴ്ച പ്രസിദ്ധീകരിച്ചു. കലോത്സവനടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള Web Portal-ൽനിന്ന് ഓരോ സൺഡേസ്കൂളിന്റെയും ഫലം download ചെയ്ത് എടുക്കാൻ സാധിക്കുന്നതാണ്.

**5. പാലാ രൂപത കലോത്സവം**

ഈ വർഷത്തെ രൂപതാതല വിശ്വാസ-പ്രേഷിതപരിശീലന കലോത്സവം 2023

ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ചേർപ്പുങ്കൽ ഹോളി ക്രോസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ചു നടത്തപ്പെടുന്നതാണ്.

**6. സംസ്ഥാനസാഹിത്യമത്സരങ്ങൾ 2023 – 2024**

ഈ വർഷത്തെ സംസ്ഥാനതലത്തിലുള്ള സാഹിത്യമത്സരങ്ങൾ 2023 സെപ്റ്റംബർ 22-ാം തീയതി വെള്ളിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപത സാഹിത്യമത്സരത്തിൽ വിജയികളായ 43 പ്രതിഭകൾ സംസ്ഥാനതലസാഹിത്യമത്സരത്തിൽ പങ്കെടുത്തു.

**7. ഒന്നാം ടേം പരീക്ഷ**

2023-2024 വിശ്വാസപരിശീലനവർഷത്തിലെ ഒന്നാം ടേം പരീക്ഷ 2023 ഒക്ടോബർ 22-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. പരീക്ഷയുടെ സമയക്രമം ചുവടെ ചേർക്കുന്നു.

Std I-VII : 11.00 am - 01.00 pm

Std VIII- XII : 02.00 pm - 04.00 pm

**8. Mission Quest**

സീറോ മലബാർ സഭയിലെ മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കുമായി സീറോ മലബാർ മിഷൻ ഓഫീസും സീറോ മലബാർ മതബോധനക്കമ്മീഷനും സംയുക്തമായി സംഘടിപ്പിക്കുന്ന Mission Quest എന്ന ഓൺലൈൻ ക്വിസ് മത്സരത്തിന്റെ രൂപതാതലമത്സരം 2023 ഒക്ടോബർ 28 ശനിയാഴ്ച വൈകിട്ട് 8 മണിക്ക് നടത്തപ്പെടുന്നതാണ്.

**9. സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനരംഗം**

**ഒന്നാം ടേം പരീക്ഷ**

സ്കൂൾതലത്തിലുള്ള മതബോധനത്തിന്റെയും സന്മാർഗ്ഗപരിശീലനത്തിന്റെയും ഒന്നാം ടേം പരീക്ഷ 2023 സെപ്റ്റംബർ 7, 8 തീയതികളിൽ നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

---

# പാലാ മിഷൻ – അദിലാബാദ്

---

**1. രോഗികളുടെയും വയോധികരുടെയും ഞായർ**

സെപ്റ്റംബർ 3 ന് പാലാ മിഷനിലെ പള്ളികളിൽ രോഗികൾക്കായി പ്രത്യേക കുർബാനയും പ്രാർത്ഥനകളും ഭവനസന്ദർശനങ്ങളും ആദരിക്കലുകളും നടന്നു.

**2. മാതാവിന്റെ ജനനത്തിരുനാൾ**

മാതാവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി നവദിനപ്രാർത്ഥനകളും സെപ്റ്റംബർ 8 ന് തിരുനാൾ കുർബാനയും പാലാമിഷനിലെ പള്ളികളിൽ നടന്നു.

**3. ഓണാഘോഷം**

ആഗസ്റ്റ് 29 ന് പാലാമിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും നെന്നലിൽ ഒന്നിച്ചുകൂടി ഓണാഘോഷങ്ങൾ നടത്തി.

**4. മിഷൻ സന്ദർശനം**

CMI Hydrabad Provicial Fr. Pius Alex Priyarathukunnel സെപ്റ്റംബർ 1 ന് പാലാ മിഷൻ സന്ദർശിച്ചു. സെപ്റ്റംബർ 4 ന് അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവും, പിതാവിന്റെ കസിൻ ജോർജ് കുന്നത്ത് തീക്കോയിയും പാലാ മിഷൻ സന്ദർശിച്ചു. ഫാ. ആന്റണി വാഴയിലും അച്ചന്റെ പിതാവ് ജോർജ് വാഴയിലും വാഗമൺ ഇടവകയിലെ 2 കൈക്കാരന്മാരും 2 കമ്മറ്റിക്കാരും സെപ്റ്റംബർ 19—21 പാലാ മിഷൻ സന്ദർശിച്ചു. തൃശൂർ അതിരൂപതയിലെ മാതൃവേദി ഡയറക്ടറച്ച നും 15 ഭാരവാഹികളും സെപ്റ്റംബർ 23 ന് പാലാ മിഷൻ സന്ദർശിച്ചു.

**5. അഭിനന്ദനങ്ങളും നന്ദിയും.**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും അറിയിക്കുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. എട്ടുനോമ്പാചരണം**

ബാറൂച്ച് സെന്റ് തോമസ് ഇടവകയിൽ പരിശുദ്ധ ദൈവമാതാവിന്റെ എട്ടു നോമ്പ് തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. ഇടവകയിലെ എട്ടു ഭവനങ്ങൾ തിരുനാൾ ആചരണത്തിന് ആഥിതേയത്വം വഹിച്ചു.

**2. വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ**

ബാപ്പുനഗർ മദർമേരി ഇടവകയിൽ ഇടവകമധ്യസ്ഥയായ വേളാങ്കണ്ണി മാതാവിന്റെ തിരുനാൾ സെപ്റ്റംബർ 1 മുതൽ 10 വരെയുള്ള തീയതികളിൽ ഭക്ത്യാ ദരപൂർവ്വം നടത്തപെട്ടു. ഇടവകവികാരി ഫാ. മാത്യു കോലത്ത് തിരുനാൾ ആചര ണത്തിനു നേതൃത്വം നൽകി.

**3. വൈദികരുടെ വാർഷികധ്യാനം**

സെപ്റ്റംബർ 18 മുതൽ 23 വരെയുള്ള തീയതികളിൽ ഷംഷാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദികർക്കായി ഹൈദരാബാദിൽവച്ച് നടത്തപ്പെട്ട വർഷികധ്യാനത്തിൽ റീജിയണിൽനിന്നുള്ള എല്ലാ വൈദികരും സംബന്ധിച്ചു.

**4. അമ്മയോടൊത്ത് യുവജനങ്ങൾ**

എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾ മരിയൻസന്ദേശം തയ്യാ റാക്കി വാട്ട്സ്ആപ്പ് സ്റ്റാറ്റസായി നൽകുകയുണ്ടായി.

**5. Teacher's day**

ടീച്ചേഴ്സ് ദിനാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾ ആശംസാവീഡിയോ തയ്യാറാക്കുകയും അന്നേദിവസം ഇടവകകളിലെ അധ്യാപകരെ ആദരിക്കുകയും ചെയ്തു.

**6. വി. മദർ തെരേസയുടെ തിരുനാൾ**

ബാറൂച്ച് സെന്റ് തോമസ് ഇടവകയിൽ വി. മദർ തെരേസയുടെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പമിഷൻ ലീഗിന്റെ സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ 3 ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ശ്രീ അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നല്കി. യോഗം സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു. വ്യക്തിപരമായ കാരണങ്ങളാൽ സി.എം.എൽ. പാലാ രൂപത ജനറൽ സെക്രട്ടറി ശ്രീ അഗസ്റ്റിൻ കടൂക്കുന്നേൽ സമർപ്പിച്ച രാജി എക്സിക്യൂട്ടീവ് സ്വീകരിച്ചു. തൽസ്ഥാനത്തേക്ക് അരുവിത്തുറ മേഖലാ പ്രസിഡന്റും ചേന്നാട് ശാഖാംഗവുമായ ശ്രീ ടോം ജോസ് ഒട്ടലാങ്കലിനെ എക്സിക്യൂട്ടീവ് നാമനിർദേശം ചെയ്തു.

**2. രൂപതാ ഇന്റേണൽ ഓഡിറ്റേഴ്സിന്റെ സന്ദർശനം**

പാലാ രൂപതയിലെ ഫൊറോനാ പള്ളികളും സ്ഥാപനങ്ങളും സംഘടനകളും സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് രൂപീകരിച്ച ഇന്റേണൽ ഓഡിറ്റേഴ്സ് ടീമിനെ പ്രധിനിധീകരിച്ച് ഫാ. ജോർജ് പഴേപറമ്പിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശ്രീ ജോർജ്ജ് നരിക്കാട്ട് എന്നിവരടങ്ങുന്ന ടീം സി.എം.എൽ. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളുമായി 2023 സെപ്റ്റംബർ മൂന്നാം തീയതി ചർച്ചകൾ നടത്തി. ഇതിനു മുന്നോടിയായി ഓഗസ്റ്റ് 23-ന് മാതൃഭവനിലെത്തി കണക്കുകൾ പരിശോധിക്കുകയും മാതൃഭവനിലെ സാഹചര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

**3. ജീവദർശൻ കോഴ്സ്**

പാലാ രൂപത ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ CTP കോഴ്സ് പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കായി നടത്തുന്ന ജീവദർശൻ കോഴ്സിന്റെ ക്ലാസ്സുകൾ സെപ്റ്റംബർ മാസം 6, 9, 27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. ഫാ. ജോസഫ് കടുപ്പിൽ, ഫാ. മാത്യു കുമ്പുളുങ്കൽ, ഫാ. തോമസ് പുന്നത്താനത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**4. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക സെപ്റ്റംബർ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും WhatsApp ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**5. സീനിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2023 ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ സീനിയേഴ്സ് ക്യാമ്പ് നടത്തി. ഡോ. അലക്സ് കാവുകാട്ട്, ശ്രീ തോമസ് അടുപ്പുകല്ലുങ്കൽ, ശ്രീ സോബിച്ചൻ ചൊവ്വാറ്റു കുന്നേൽ, ഡോ. ആൻസി വടക്കേചിറയാത്ത്, ഫാ. അഗസ്റ്റിൻ കണ്ടത്തിൽക്കുടി യിൽ, ശ്രീ നോയൽ തോമസ് എന്നിവർ ക്ലാസുകൾ നയിച്ചു. അഭിവന്ദ്യ മാർ ജോസഫ് ശ്രാമ്പിക്കൽ പിതാവിന്റെ മഹനീയസാന്നിധ്യം കുട്ടികൾക്ക് ആത്മീയ ചൈതന്യം പ്രദാനം ചെയ്യുകയുണ്ടായി. ജോയൽ ബിനോയ് (മുണ്ടാങ്കൽ ശാഖ), അൽക്ക ആൻ സിറിൽ (കരൂർ ശാഖ) എന്നിവരെ ബെസ്റ്റ് ക്യാമ്പേഴ്സായി തിരഞ്ഞെടുത്തു. വിവിധ ശാഖകളിൽനിന്നായി 126 അംഗങ്ങൾ പങ്കെടുത്തു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ക്യാമ്പിനു നേതൃത്വം നൽകി.

**6. രൂപത സാഹിത്യമത്സരം**

പാലാ രൂപത വിശ്വാസ-പ്രേഷിതപരിശീലന കലോത്സവത്തിന്റെ ഭാഗമായുള്ള രൂപതാതല സാഹിത്യമത്സരങ്ങൾ 2023 സെപ്റ്റംബർ മൂന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. വിവിധ മേഖലകളിൽനിന്നായി 680 ഓളം മിഷൻലീഗ് അംഗങ്ങൾ മത്സരത്തിൽ പങ്കെ ടുത്തു. രൂപതാഎക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരങ്ങൾക്കു നേതൃത്വം നല്കി. സെപ്റ്റംബർ 12-ാം തീയതി മത്സരങ്ങളുടെ ഫലപ്രഖ്യാപനം നടത്തി.

**7. റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമവാർഷികം**

CML സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ 2023 സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽവച്ച് നടത്തിയ CML സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണസമ്മേളനത്തിൽ രൂപതാഎക്സി ക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. അന്നേദിവസം ചെറുപുഷ്പമിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ ആർപ്പൂക്കരയിൽവച്ചു നടത്തപ്പെട്ട ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമരജതജൂബിലി സ്മാരകപ്രസംഗമത്സരത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് തിടനാട് ശാഖാംഗമായ ജോസീന ക്രിസ്‌ലിൻ ബാബു കാനാട്ട് പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

**8. ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡ്**

CML സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ സ്മരണയ്ക്കായി CML സംസ്ഥാന സമിതി ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡിന് ഈ വർഷം പാലാ രൂപതാംഗവും അരുണാപുരം ശാഖാ ഡയറക്ടറു മായ ഫാ. മാത്യു പുല്ലുകാലായിൽ അർഹനായി. പുല്ലുകാലായിലച്ചന് അഭിന ന്ദനങ്ങൾ.

**9. CML രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതയുടെ സെപ്റ്റംബർ മാസത്തെ മാനേ ജിംഗ് കമ്മിറ്റി സെപ്റ്റംബർ 10 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. പ്രസിഡന്റ് ഡോ. ജോബിൻ ടി ജോണി അധ്യക്ഷത

വഹിച്ച യോഗത്തിൽ സെക്രട്ടറിയുടെ അഭാവത്തിൽ എക്സിക്യൂട്ടീവ് അംഗം ശ്രീ ജോബി ആലക്കാപ്പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ജനറൽ സെക്രട്ടറി ശ്രീ അഗസ്റ്റിൻ കടൂക്കുന്നേൽ സ്ഥാനം ഒഴിഞ്ഞ ഒഴിവിലേക്ക് രൂപത എക്സിക്യൂട്ടീവ് നാമനിർദേശം ചെയ്ത ടോം ജോസിന്റെ പേര് മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും മാനേജിംഗ് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ യോഗത്തിൽ സംസാരിച്ചു. മുൻ സെക്രട്ടറി ശ്രീ അഗസ്റ്റിൻ കടൂക്കുന്നേലിന്റെ സ്തുത്യർഹമായ സേവനങ്ങൾക്ക് അദ്ദേഹം നന്ദി പറഞ്ഞു. ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡിന് അർഹനായ പാലാ രൂപതാംഗവും അരുണാപുരം ശാഖാ ഡയറക്ടറുമായ ഫാ. മാത്യു പുല്ലുകാലായിലിന് മാനേജിംഗ് കമ്മിറ്റി യോഗത്തിൽ സ്വീകരണവും ആദരവും നൽകി. മറുപടിപ്രസംഗത്തിൽ ഫാ. മാത്യു പുല്ലുകാലായിൽ തന്റെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. വൈകിട്ട് 6 മണിക്ക് യോഗം അവസാനിച്ചു.

**10. ഫാ. ജോസഫ് മാലിപ്പറമ്പിൽ, ഫാ. അബ്രഹാം ഈറ്റയ്ക്കക്കുന്നേൽ അനുസ്മരണങ്ങൾ**

ചെറുപുഷ്പമിഷൻലീഗിന്റെ സ്ഥാപകഡയറക്ടറായ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും രൂപതയുടെ മുൻ ഡയറക്ടറായിരുന്ന ഫാ. അബ്രഹാം ഈറ്റയ്ക്കക്കുന്നേലിന്റെയും അനുസ്മരണം CML പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം പത്താം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. രൂപതാമാനേജിംഗ് കമ്മിറ്റി യോഗത്തോടനുബന്ധിച്ച് നടന്ന അനുസ്മരണസമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, CML ദേശീയ ജനറൽ സെക്രട്ടറി ശ്രീ ലൂക്ക് അലക്സ് പിണമറുകിൽ എന്നിവർ മുൻ ഡയറക്ടർമാരെ അനുസ്മരിച്ചു സംസാരിച്ചു.

**11. CML പാലാ രൂപത രാമപുരം റീജിയണൽ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ രാമപുരം റീജിയണൽ സമ്മേളനം 2023 സെപ്റ്റംബർ പതിനേഴാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് അഗസ്റ്റീനിയൻ തീർത്ഥാടനത്തോടനുബന്ധിച്ചു നടത്തി. രാമപുരം റീജിയണിന്റെ ഭാഗമായ പ്രവിത്താനം, കടനാട്, രാമപുരം എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അഗസ്റ്റീനിയൻ തീർത്ഥാടനം നടത്തിയത്. CML പ്രവിത്താനം മേഖല രക്ഷാധികാരി പെരി. ബഹു. ഫാ. ജോർജ് വേളൂപ്പറമ്പിൽ നൽകിയ സന്ദേശത്തോടെ പ്രവിത്താനത്തുനിന്നാരംഭിച്ച തീർത്ഥാടനം കടനാട് പള്ളിയിലെത്തിയപ്പോൾ രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആമുഖസന്ദേശവും കടനാട് മേഖല രക്ഷാധികാരി പെരി. ബഹു. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപ്പുത്തൻപുര സന്ദേശവും നല്കി. രാമപുരം ദൈവാലയത്തിൽവച്ച് CML രൂപതാ പ്രസിഡന്റ് ഡോ. ജോബിൻ തട്ടാംപറമ്പിൽ ആമുഖസന്ദേശവും CML രാമപുരം മേഖലാരക്ഷാധികാരി പെരി. ബഹു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമാപനസന്ദേശവും നല്കി. CML രാമപുരം റീജിയണൽ ഓർഗനൈസർ ജോമിൻ ജോണി മുഖ്യസംഘാടകനായിരുന്നു. രാമപുരം റീജിയണിലെ വിവിധ ശാഖകളിൽനിന്നുള്ള മിഷനറിമാർ ഈ സമ്മേളനത്തിൽ പങ്കെടുത്തു.

**മേഖലാവാർത്തകൾ**

**1. അരുവിത്തുറ മേഖല**

a. അരുവിത്തുറ മേഖല കലാമത്സരങ്ങൾക്കുവേണ്ടിയുള്ള സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചു. ആദ്യ മീറ്റിംഗ് സെപ്റ്റംബർ പതിമൂന്നാം തീയതി രാത്രി 7 മണിക്ക് അരുവിത്തുറയിൽ ചേർന്നു.

b. ചെറുപുഷ്പ മിഷൻലീഗ് അരുവിത്തുറ മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 23 ഞായറാഴ്ച പ്രസിഡന്റ് ടോം ഒട്ടലാങ്കലിന്റെ അധ്യക്ഷതയിൽ ചേർന്നു.

c. അരുവിത്തുറ മേഖല കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള ടീം മാനേജേഴ്സിന്റെയും സ്റ്റേജ് മാനേജേഴ്സിന്റെയും മീറ്റിംഗ് സെപ്റ്റംബർ 27 ന് അരുവിത്തുറയിൽ വച്ച് നടത്തി.

**2. തീക്കോയി മേഖല**

സെപ്റ്റംബർ മൂന്ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് തീക്കോയി മേഖല എക്സിക്യൂട്ടീവ് നടന്നു. സെപ്റ്റംബർ മാസം നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയുണ്ടായി.

**3. ഭരണങ്ങാനം മേഖല**

**ജൂനിയേഴ്സ് ക്യാമ്പ്**

മേഖലയ്ക്കുകീഴിലുള്ള ശാഖകളിലെ അഞ്ചുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സെപ്റ്റംബർ 1, 2 തീയതികളിൽ ക്യാമ്പ് നടത്തി. വിവിധ ശാഖകളിൽനിന്നായി 51 കുട്ടികൾ പങ്കെടുത്തു.

**4. മേഖല എക്സിക്യൂട്ടീവ്**

സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം 17-ാം തീയതി വൈകിട്ട് മൂന്നു മണിക്ക് മേഖല ഓഫീസിൽവച്ചു നടത്തപ്പെട്ടു.

**5. മേഖലാകലോത്സവം**

ഈ വർഷത്തെ കലോത്സവം സെപ്റ്റംബർ 27 ന് രാവിലെ 8 മണി മുതൽ ഭരണങ്ങാനം SH ഗേൾസ് ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ടു.

**6. പൂഞ്ഞാർ മേഖല**

CML പൂഞ്ഞാർ മേഖലയുടെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ 17-ാം തീയതി ചേർന്നു.

**7. ഇലഞ്ഞിമേഖല**

2023 സെപ്റ്റംബർ 27-ാം തീയതി ഇലഞ്ഞി മേഖലാ കലോത്സവം നടന്നു. അതിനു മുന്നോടിയായി കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി. സെപ്റ്റംബർ 17 ന് മേഖലയിലെ എല്ലാ ശാഖകളിലും സന്ദർശനം നടത്തി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്റ്റംബർ 6 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ജോർജ് പുല്ലുകാലായിലച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സെപ്റ്റംബർ 8, 9, 10 ദിവസങ്ങളിൽ നടത്തേണ്ട മാജിക് ബൗൾ ക്യാമ്പിനെക്കുറിച്ചും സെപ്റ്റംബർ 9 ന് നടത്തേണ്ട സാഹിത്യോത്സവത്തെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. എക്സിക്യൂട്ടിവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു. 4 മണിക്ക് മീറ്റിംഗ് അവസാനിച്ചു.

**2. മാജിക് ബൗൾ**

9-ാം ക്ലാസിലെ കുട്ടികൾക്കായി നടത്തിയ ക്യാമ്പിൽ നിരവധി കുട്ടികൾ പങ്കെടുത്തു. സെപ്റ്റംബർ 8 നു തുടങ്ങിയ ക്യാമ്പ് സെപ്റ്റംബർ 10 ന് അവസാനിച്ചു. നിജോയ് സർ, റോബി സർ തുടങ്ങിയവർ ക്യാമ്പിനു നേതൃത്വം കൊടുത്തു.

**3. സാഹിത്യോത്സവം**

KCS L പാലാ രൂപത സാഹിത്യോത്സവം സെപ്റ്റംബർ 9 ന് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽവച്ച് രാവിലെ 10 മണി മുതൽ 1 മണി വരെ നടത്തപ്പെട്ടു. 1200 ഓളം കുട്ടികൾ വിവിധയിനം മത്സരങ്ങളിൽ പങ്കെടുത്തു.

**4. എഡിറ്റോറിയൽ ബോർഡ് മീറ്റിംഗ്**

കളരി എഡിറ്റോറിയൽ ബോർഡ് മീറ്റിംഗ് സെപ്റ്റംബർ 14 ന് ഷാലോം പാസ്റ്റർ സെന്ററിൽവച്ച് ഉച്ചകഴിഞ്ഞ് 4 മണി മുതൽ 5.30 വരെ നടത്തപ്പെട്ടു. ഡയറക്ടറച്ചൻ അദ്ധ്യക്ഷനായ മീറ്റിങ്ങിൽ ചീഫ് എഡിറ്റർ പയസ് കുര്യൻ, ബോർഡ് മെമ്പർമാരായ റോയ് ജെ. കല്ലറങ്ങാട്ട് ഷാജി സി. ചെറുകാട്, സിബി ജോസഫ്, വിജയകുമാരി ചാക്കോ, റ്റോം അലക്സ്, പ്രസിഡന്റ് ജിജോ മാത്യു, ബ്രദർ റിജു തുളുവനാനിക്കൽ തുടങ്ങിയവർ പങ്കെടുത്തു. കളരിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. എസ്.എം.വൈ.എം. ഗ്ലോബൽ സമിതി മീറ്റിംഗ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് നടന്ന എസ്.എം.വൈ.എം. ഗ്ലോബൽ സമിതിയുടെ മീറ്റിങ്ങിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, സിസ്റ്റർ നവീന സി.എം.സി., പ്രസിഡന്റ് തോമസ് ബാബു, വൈസ് പ്രസിഡന്റ് സെഞ്ചു ജേക്കബ്, ബ്രദർ റീജന്റ് ജോർജ് ഇടയോടിയിൽ, മുൻസമിതി അംഗം ലിയ തെരേസ് ബിജു എന്നിവർ പങ്കെടുത്തു. കോതനല്ലൂർ ഫൊറോനയിൽ യൂത്ത് ടോക്ക്സ് (ഫൊറോനാ വിസിറ്റ്) നടത്തപ്പെട്ടു. പാലാ രൂപതയുടെ ഏഴാമത് ഫൊറോന വിസിറ്റ് കോതനല്ലൂർ ഫൊറോനയിലെ വേദഗിരി ഇടവകയിൽവച്ചു

നടത്തപ്പെട്ടു. രൂപതാപ്രസിഡന്റ് തോമസ് ബാബു അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി വേദഗിരി യൂണിറ്റ് ഡയറക്ടർ ഫാ. കുര്യൻ വരിക്കമാക്കൽ ഫൊറോനാ ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ, കളത്തൂർ യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി ഞരളക്കാട്ട് എന്നിവർ ആശംസകൾ നേർന്നുകൊണ്ടു സംസാരിച്ചു.

**2. YATP ക്യാമ്പ് നടത്തപ്പെട്ടു**

കൂടല്ലൂർ സെന്റ് ജോസഫ് ദൈവാലയത്തിൽവച്ച് YATP 30-ാം ബാച്ചിന്റെ സെപ്റ്റംബർ മാസത്തെ ക്യാമ്പ് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതാംഗങ്ങളായ എബിൻ ജേക്കബ് വലിയകുളത്തിൽ, അഡ്വ. അർച്ചന പ്രകാശ് തറപ്പിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**3. മാതാപിതാക്കളും യുവജനങ്ങളും**

യുവജനങ്ങളെയും മാതാപിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംയുക്തമായി നടത്തിവരുന്ന മീറ്റിംഗ് വിജയകരമായി മുന്നോട്ടുപോകുന്നു. രൂപതയുടെ ആഹ്വാനപ്രകാരം പൂവരണി, വാലാച്ചിറ, കുറവിലങ്ങാട് യൂണിറ്റുകളിൽ പ്രോഗ്രാം നടത്തപ്പെട്ടു. പൂവരണി യൂണിറ്റിലും വാലാച്ചിറ യൂണിറ്റിലുംവച്ച് നടന്ന മീറ്റിംഗിൽ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി പങ്കെടുത്ത് ക്ലാസുകൾക്കു നേതൃത്വം നൽകി.

**4. യാത്രാമംഗളങ്ങൾ**

അരുവിത്തുറ ഫൊറോനയുടെ ഡയറക്ടറായിരുന്ന റവ.ഫാ. ആന്റണി തോണക്കരയ്ക്ക് യാത്രാമംഗളങ്ങൾ നേർന്നു.

**5. കലാശ് വോളിബോൾ ടൂർണമെന്റ് നടത്തപ്പെട്ടു.**

പാലാ രൂപതയിലെ യുവജനങ്ങളുടെ കായികപരമായ വളർച്ചയ്ക്കായി പാലാ രൂപതയും കുറവിലങ്ങാട് യൂണിറ്റും കാഞ്ഞിരമറ്റം യൂണിറ്റും സംയുക്തമായി വോളിബോൾ ടൂർണ്ണമെന്റ്, കാഞ്ഞിരമറ്റം വോളി ക്ലബ് സ്റ്റേഡിയത്തിൽവച്ച് നടത്തപ്പെട്ടു.

**6. വക്കീലച്ചന് അഭിനന്ദനങ്ങൾ നേർന്ന് രൂപതാകുടുംബം**

അഡ്വക്കേറ്റായി എൻറോൾ ചെയ്ത പാലാ രൂപത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനേജരും പാലാ സോഷ്യൽ സർവീസ് അസിസ്റ്റന്റ് ഡയറക്ടറുമായ ജോസഫ് താഴത്തുവരിക്കയിലച്ചന് എസ്.എം.വൈ.എം. രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**7. സെക്രട്ടറി അച്ചന് ആശംസകൾ**

പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സെക്രട്ടറിയായി നിയമിതനായ ജോൺസൺ പാക്കരമ്പേലച്ചന് രൂപതാകുടുംബത്തിന്റെ ആശംസകൾ.

**8. രൂപതാകലോത്സവം**

'സഹൃദയ സുവർണ്ണോത്സവ്' കലാമത്സരത്തിൽ കലാതിലകമായ ഗാഗുൽത്താ യൂണിറ്റിലെ ബിൽന സിബിക്കും കലാപ്രതിഭയായ പൂഞ്ഞാർ യൂണിറ്റിലെ

റ്റിജോ ജോസിനും, ഗാഗുൽത്താ യൂണിറ്റിലെ ജിതിൻ സിബിക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**9. കെ.സി.വൈ.എം. സ്റ്റേറ്റ് സിൻഡിക്കേറ്റ് യോഗം**

പാലാരിവട്ടം പി.ഒ.സിയിൽവച്ച് നടന്ന കെ.സി.വൈ.എം. സിൻഡിക്കേറ്റ് യോഗത്തിൽ പാലാ രൂപതയിൽനിന്നു സിൻഡിക്കേറ്റ് കൗൺസിലറായ റിയ തെരേസ റോയ് പങ്കെടുത്തു.

**10. രൂപത എക്സിക്യൂട്ടീവ് യോഗം നടത്തപ്പെട്ടു**

രൂപത എസ്.എം.വൈ.എമ്മിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു വിലയിരുത്താനും ചർച്ച ചെയ്യാനുമായി സെപ്റ്റംബർ 22 വെള്ളിയാഴ്ച എക്സിക്യൂട്ടീവ് യോഗം നടത്തപ്പെട്ടു. വിവാഹിതരായ രൂപത സെക്രട്ടറി ആൽഫി ഫ്രാൻസിസിനും, മുൻസമിതിയംഗമായ ലിയാ റോസിനും യോഗത്തിൽവച്ച് വിവാഹാശംസകൾ നേർന്നു.

**11. ആശംസയും നന്ദിയും**

രണ്ടു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം പഠനാവശ്യങ്ങൾക്കായി കാനഡയിലേക്കുപോയ എസ്.എം.വൈ.എം ഗ്ലോബൽ സെക്രട്ടറിയും രൂപത കൗൺസിലറുമായിരുന്ന ഗ്രീഷ്മ ജോയലിന് എല്ലാവിധ ആശംസകളും നന്ദിയും.

**12. സ്പിരിച്വൽ ബൊക്കെ നിർമ്മാണം**

പാലാ രൂപത എസ്.എം.വൈ.എം. - കെ.സി.വൈ.എം. ജൂബിലിവർഷവും കേരളസഭാനവീകരണവർഷവുമായി ആചരിക്കുന്ന അവസരത്തിൽ ഒരു സ്പിരിച്വൽ ബൊക്കെ നിർമ്മാണം നടത്തുന്നു. ഇതിനായി 171 ഇടവകകൾക്കും ഓരോ ഇടവക പ്രാർത്ഥിക്കുവാനായി നല്കുന്നു. അവർ ആ ഇടവകയെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ഒപ്പം ആ ഇടവകയ്ക്കുവേണ്ടി ഒരു സ്പിരിച്വൽ ബൊക്കെ തയ്യാറാക്കുവാനുമായി രൂപതാസമിതി ആഹ്വാനം ചെയ്യുന്നു. 2023 സെപ്റ്റംബർ മാസം എട്ടാം തീയതി മുതൽ 2024 ജൂലൈ മാസം മൂന്നാം തീയതിവരെയാണ് സ്പിരിച്വൽ ബൊക്കെ നിർമ്മാണത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഈ കാലയളവിൽ അവർക്കുവേണ്ടി എത്ര ദിവ്യബലി അർപ്പിച്ചു, ജപമാല ചൊല്ലി പ്രാർത്ഥിച്ചു, അരൂപിക്കടുത്ത് വിശുദ്ധ കുർബാന സന്ദർശനം നടത്തി, എന്നിങ്ങനെ ആത്മീയമായി എത്രമാത്രം ആ ഇടവകയെ സമർപ്പിച്ചു എന്നുള്ള വിവരങ്ങളാണ് നിങ്ങൾ സ്പിരിച്വൽ ബൊക്കെയിൽ രേഖപ്പെടുത്തേണ്ടതും രൂപതാസമിതിക്കു സമർപ്പിക്കേണ്ടതും നല്ലൊരു ജൂബിലിവർഷവും ഒപ്പം സ്പിരിച്വൽ ബൊക്കെ നിർമ്മാണത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നിങ്ങൾക്കും നിങ്ങൾ സമർപ്പിച്ചുപ്രാർത്ഥിക്കുന്ന ഇടവകയ്ക്കും ഉണ്ടാകട്ടെ എന്നാശംസിക്കുന്നു. നിങ്ങൾ പ്രാർത്ഥിക്കേണ്ട ഇടവകയും നിങ്ങൾക്കായി പ്രാർത്ഥിക്കുന്ന ഇടവകയും വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നൽകിയിട്ടുണ്ട്.

**13. 'സീറോ മലബാർ യൂത്ത് ഡേ' & 'വികൂറി ഡേ'**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വത്തിൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ അനുസ്മരണവും യുവജനദിന ആഘോഷവും വികൂറിദിനവും ഒക്ടോബർ 23-ാം തീയതി നടത്തപ്പെടുന്നു.

**14. വാർഷികസെനറ്റ്**

എസ്.എം.വൈ.എം - കെ.സി.വൈ.എം. പാലാ രൂപതയുടെ വാർഷിക സെനറ്റ് നവംബർ 25, 26 തീയതികളിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ ഫൊറോനാസമിതി അംഗങ്ങളും വാർഷികസെനറ്റിൽ നിർബന്ധമായും മുഴുവൻ സമയവും പങ്കെടുക്കേണ്ടതാണ്.

വാർഷികസെനറ്റിന് ഫൊറോനയിൽനിന്ന് 1500/- രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

---

# ജീസസ് യൂത്ത്

---

**1. ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനിഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**2. സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്**

2023 സെപ്റ്റംബർ 9-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതരമുതൽ വൈകിട്ട് മൂന്നരവരെ പാലാ അൽഫോൻസാ കോളേജിൽവച്ച് സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്ങ് നടത്തപ്പെട്ടു. സ്കൂളുകളിൽനിന്നും കോളജുകളിൽ നിന്നുമായി ഏകദേശം 70 പേർ പങ്കെടുത്തു.

**3. ഹൗസ്ഹോൾഡ്**

2023 സെപ്റ്റംബർ 6, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽ വച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പത്തോളം ആളുകൾ പങ്കെടുത്തു.

**4. സെക്കൻഡ് സാറ്റർഡേ ഫാമിലി ഗ്യാതറിങ്**

2023 സെപ്റ്റംബർ 9-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ പാലാ അൽഫോൻസാ കോളേജിൽവച്ച് ഫാമിലി ഗ്യാതറിങ് നടത്തപ്പെട്ടു.

**5. എഫ്. ഐ. ജി**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 25 മുതൽ 28 വരെയുള്ള തീയതികളിൽ രാമപുരം മാർ ആഗസ്തീനോസ് കോളേജിൽവെച്ച് കോളേജ് വിദ്യാർത്ഥികൾക്കായി എഫ്.ഐ.ജി പ്രോഗ്രാം നടത്തി. പാലാ ജീസസ് യൂത്ത്

ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയുടെ നേതൃത്വത്തിൽ സോണിൽനിന്ന് ഏകദേശം 100 പേർ പങ്കെടുത്തു.

**6. ജാഗോ യാത്ര – തിരുശേഷിപ്പു പ്രയാണം**

ജാഗോയുടെ ഇന്റർസെഷന്റെ ഭാഗമായി ജാഗോ യാത്ര വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പു പ്രയാണം ആഗസ്റ്റ് 30, 31 തീയതികളിലായി പാലായുടെ വിവിധ ഇടവകകളിലായി നടന്നു.

**7. ടീൻ ക്രിസ്റ്റോസ്**

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും സ്കൂൾ കുട്ടികളുടെ ദൈവാനുഭവം പങ്കുവെക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

**8. ജാഗോ വോളന്റിയേർസ് ഓറിയന്റേഷൻ**

സെപ്റ്റംബർ 16, 17 തീയതികളിലായി പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം സോണിൽനിന്നുള്ള ജാഗോ വോളന്റിയർസിനുവേണ്ടിയുള്ള ഓറിയന്റേഷൻ ഭരണങ്ങാനം അസ്സീസ്സി ധ്യാനകേന്ദ്രത്തിൽ വച്ചു നടത്തപ്പെട്ടു. നൂറോളം ആളുകൾ പങ്കെടുത്തു.

**9. മാതാവിന്റെ ജനനത്തിരുനാൾ**

സെപ്റ്റംബർ 8 മാതാവിന്റെ ജനനത്തിരുനാളിൽ ഓൺലൈനായി കൊന്തചൊല്ലി പ്രാർത്ഥിക്കുകയും മരിയാനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. ഏകദേശം മുപ്പതോളം ആളുകൾ പങ്കെടുത്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** കുടുംബക്കൂട്ടായ്മ രൂപത എക്സിക്യൂട്ടീവ് യോഗം 9/5/2023 ഷാലോം ഹാളിൽ കൂടി.

**2.** സഭാനവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി 'വചനനിധി' (തിരിഞ്ഞെടുത്ത 500 ബൈബിൾ വചനങ്ങൾ) തയ്യാറാക്കി എല്ലാ ഇടവകകളിലേക്കും കോൺവെന്റുകളിലേക്കും അയച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അഞ്ചു വിഭാഗങ്ങളായി മത്സരങ്ങൾ നടത്താൻ തീരുമാനിച്ചു. കഴിയുന്നിടത്തോളം വചനങ്ങൾ 3 മിനിറ്റുകൊണ്ട് പറഞ്ഞു വീഡിയോയിൽ പകർത്തി ഒക്ടോബർ 15 നും 31 നും ഇടയിൽ രൂപതാകേന്ദ്രത്തിലെത്തിക്കുന്നതാണു മത്സരം. എല്ലാ വിഭാഗങ്ങളിലെയും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം Rs. 2500, Rs. 2000/ , Rs. 1500 / എന്നിങ്ങനെ സമ്മാനങ്ങൾ നൽകാനും തീരുമാനിച്ചു.

**3.** പുതിയ റിസോഴ്സ്ടീമംഗങ്ങൾക്കുള്ള പരിശീലനം – 13/9/2023, 20/9/2023, 27/9/2023 തീയതികളിൽ നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

### 1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി

**സെപ്റ്റംബർ 4-6, 25-27** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 170 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഒക്ടോബർ 9-11, 23-25, നവംബർ 11-13, 27-29** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

### 3. പേരന്റ്സ് മീറ്റ്

സെപ്റ്റംബർ മാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ ക്ലാസ്സെടുത്തു. രണ്ടു സമ്മേളനങ്ങളിലായി 302 മാതാപിതാക്കന്മാർ സംബന്ധിച്ചു.

## B. പിതൃവേദി

### 1. രൂപതാസമിതി

സെപ്റ്റംബർ 9-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി നടത്തി.

### 2. ആലോചനായോഗം

സെപ്റ്റംബർ 19-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 7 ശനിയാഴ്ച നടത്തപ്പെടുന്ന രാമപുരം കുഞ്ഞച്ചൻ തീർത്ഥാടനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ആലോചനയോഗം ചേർന്നു. മാതൃ-പിതൃവേദിയിലെ എക്സിക്യൂട്ടിവ് അംഗങ്ങൾ എല്ലാവരും ഒന്നിച്ചുകൂടി പരിപാടികൾ ചർച്ച ചെയ്തു.

## C. മാതൃവേദി

### 1. എക്സിക്യൂട്ടീവ് മീറ്റിംഗ്

സെപ്റ്റംബർ 14-ാം തീയതി രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

### 2. ജനറൽ ബോഡി മീറ്റിംഗ്

സെപ്റ്റംബർ 4, 5 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ഗ്ലോബൽ സീറോ മലബാർ മാതൃവേദി ജനറൽ ബോഡി മീറ്റിംഗ് നടത്തപ്പെട്ടു. കോതമംഗലം രൂപതയിലെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട മീറ്റിങ്ങിൽ രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ, വൈസ് പ്രസിഡന്റ് സുജ

ജോസഫ്, സെക്രട്ടറി ഷേർളി ചെറിയാൻ, ജോയിന്റ് സെക്രട്ടറി ബിന്ദു ഷാജി, സെനറ്റ് അംഗം മേരിക്കുട്ടി അഗസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**3. ജൂബിലി ആഘോഷവും മാതൃവേദി വാർഷികവും**

സെപ്റ്റംബർ 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് മേലുകാവുമറ്റം ഇടവകയിൽ വച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷവും മാതൃവേദി വാർഷികവും നടത്തപ്പെട്ടു. മീറ്റിങ്ങിൽ രൂപത പ്രസിഡന്റ് സിജി ലൂക്ക്സൺ പങ്കെടുത്തു.

**D. പ്രോലൈഫ്**

**1. മീറ്റിംഗ്**

സെപ്റ്റംബർ 24-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടി.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കൊളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

**G. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി സെപ്റ്റംബർ മാസത്തിൽ **അരുവിത്തുറ, രാമപുരം, മറ്റക്കര** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. അടുക്കളത്തോട്ടമത്സരം 2023**

കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന അടുക്കളത്തോട്ടമത്സരത്തിന്റെ ഒമ്പതാമത് മത്സരം 2023 സെപ്റ്റംബർ 20 മുതൽ ആരംഭിക്കുന്നു. സമ്മാനങ്ങൾ : ഒന്നാംസമ്മാനം - 10000 രൂപ, രണ്ടാം സമ്മാനം - 5000 രൂപ, മൂന്നാം സമ്മാനം - 3000 രൂപ, നാലാം സമ്മാനം - 2000 രൂപ, അഞ്ചാം സമ്മാനം - 1500 രൂപ. പ്രോത്സാഹനസമ്മാനങ്ങൾ രൂപതാതലത്തിൽ ആദ്യം വരുന്ന 15 പേർക്ക്.

നിബന്ധനകൾ : ഇടവകതലത്തിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒരു ഇടവകയിൽനിന്ന് പത്തു കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിൽ മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഇടവകയിൽനിന്ന് ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർക്ക് ഫൊറോനാതലത്തിൽ മത്സരിക്കാം. ഫൊറോനയിൽനിന്ന് ഒന്നും രണ്ടും സ്ഥാനം കിട്ടുന്നവർക്ക് രൂപതയിൽ മത്സരിക്കാം. മത്സരത്തിന് താഴെപ്പറയുന്ന പച്ചക്കറി ഇനങ്ങളിൽ മിനിമം ഏഴ് ഇനവും മാക്സിമം പത്ത് ഇനവും മാത്രമേ പരിഗണിക്കുകയുള്ളൂ. പയർ, പാവൽ, വെണ്ട, ചീര, വഴുതന, മുളക്, പീച്ചിൽ, ചീര, പടവലം, കോവൽ, തക്കാളി, പപ്പായ, കുക്കുംബർ, വെള്ളരി, കാബേജ്, ബീൻസ്, കോളിഫ്ളവർ, അടതാപ്പ്, മുരിങ്ങ, തഴുതാമ.

മൂല്യനിർണയം നടത്തുന്ന തീയതികൾ : യൂണിറ്റ് തലത്തിൽ 2023 ഡിസംബർ 5, 6 തീയതികളിൽ, ഫൊറോനാതലത്തിൽ 2023 ഡിസംബർ 8, 9 തീയതികളിൽ, രൂപതാതലത്തിൽ 2023 ഡിസംബർ 11, 12, 13 തീയതികളിൽ.

മത്സരത്തിന്റെ മാർക്ക് വിഭജനരീതി : പുഷ്ടിമ / കരുത്ത് - 30%, ഫലദായകം 50%, ക്രമീകരണമികവ് - 20%.

വിശദവിവരങ്ങൾക്ക് : ജോസ് വട്ടുകുളം, രൂപത ജനറൽ സെക്രട്ടറി, 9446921795, റ്റോമി കണ്ണീറ്റുമ്യാലിൽ, കർഷകവേദി, ചെയർമാൻ, 9447329943 എന്നിവരുമായി ബന്ധപ്പെടുക.

**2. രൂപതാതല ഉദ്ഘാടനം**

അടുക്കളത്തോട്ടമത്സരം 2023 ന്റെ രൂപതാതല ഉദ്ഘാടനവും വിത്തുവിതരണവും സെപ്റ്റംബർ 5-ാം തീയതി പാലാ ബിഷപ് ഹൗസിൽ കൂടിയ യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വൈസ് പ്രസിഡന്റ് സി.എം. ജോർജ് അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, ടോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

രൂപതയെ നാലു സോണുകളായി തിരിച്ചു നാലു സമ്മേളനങ്ങൾ നടത്തുന്നു. പാലാ സോണിലെ വിത്തുവിതരണവും തദവസരത്തിൽ നടത്തി. പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, പ്രവിത്താനം ഫൊറോനകളാണ് പാലാ സോണിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**3. കുറവിലങ്ങാട് സോൺ കർഷകസമ്മേളനം**

കുറവിലങ്ങാട് സോൺ കർഷകസമ്മേളനവും വിത്തുവിതരണവും കോതനല്ലൂർ ഫൊറോന സെന്റ് മേരീസ് പാരിഷ് ഹാളിൽ നടത്തി. ഫൊറോന പ്രസിഡന്റ് സി.എം. ജോസഫ് ചീനോത്തുപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഫൊറോന വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴിപ്പിൽ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, റ്റോമി കണ്ണീറ്റുമ്യാലിൽ, സി.എം. ജോർജ്, ആൻസമ്മ സാബു, ജെയിംസ് കുറ്റിക്കോട്ടയിൽ, തോമസ് അരുകുഴിപ്പിൽ തുടങ്ങിയവർ സംസാരിച്ചു. കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി ഫൊറോനകൾ ഉൾപ്പെടുന്നതാണ് കുറവിലങ്ങാട് സോൺ.

**4. മൂലമറ്റം സോൺ കർഷകസമ്മേളനം**

മൂലമറ്റം സോൺ കർഷകസമ്മേളനവും വിത്തുവിതരണവും കടനാട് ഫൊറോന പാരിഷ് ഹാളിൽ നടത്തി. കടനാട് ഫൊറോന പ്രസിഡന്റ് ബിനു വള്ളോംപുരയിടത്തിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഫൊറോന വികാരി വെരി റവ. ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുര ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, എമ്മാനുവൽ നിധീരി, ആൻസമ്മ സാബു, ജോസ് ജോസഫ് മലയിൽ, റ്റോമി കണ്ണീറ്റുമ്യാലിൽ, അൽഫോൻസ ദാസ് മുണ്ടയ്ക്കൽ, ഫാ. ഐസക് പെരിങ്ങമലയിൽ, ജോബിൻ പുതിയിടത്തുചാലിൽ തുടങ്ങിയവർ സംസാരിച്ചു. മൂലമറ്റം, തുടങ്ങനാട്, കടനാട്, രാമപുരം ഫൊറോനകൾ ഉൾപ്പെടുന്നതാണ് മൂലമറ്റം സോൺ.

**5. അരുവിത്തുറ സോൺ കർഷകസമ്മേളനം**

അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ ഫൊറോനകൾ ഉൾപ്പെടുന്ന അരുവിത്തുറ സോണിന്റെ കർഷകസമ്മേളനവും വിത്തുവിതരണവും പെരിങ്ങുളം തിരുഹൃദയദേവാലയ പാരിഷ് ഹാളിൽ നടത്തി. പൂഞ്ഞാർ ഫൊറോന പ്രസിഡന്റ് ജോർജ് തൊട്ടുവനാലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം പെരിങ്ങുളം പള്ളി വികാരി റവ.ഫാ. മാത്യു പാറത്തൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, റ്റോമി കണ്ണീറ്റുമ്യാലിൽ, ജോൺസൺ ചെറുവള്ളി, പയസ് കവളംമാക്കൽ, ജോഷി പള്ളിപ്പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**6. വിത്തുപായ്ക്കറ്റുകൾ**

അടുക്കളത്തോട്ടമത്സരം 2023 നുള്ള വിത്തുകൾ പാക്കറ്റുകളിൽ നിറയ്ക്കുന്നതിന്റെ ഉദ്ഘാടനം കോതനെല്ലൂർ യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് പുതുപ്പറമ്പിൽ നിർവഹിച്ചു. കോതനല്ലൂർ പാരിഷ് ഹാളിൽ നടത്തിയ പ്രോഗ്രാമിന് റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസ് വട്ടുകുളം, സി.എം. ജോസഫ്, ബെന്നി പുളിക്കപ്പള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**7. യൂത്ത് വാക്ക്**

ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ ആഹ്വാനപ്രകാരം രൂപത യൂത്ത് വിങ്ങിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ സ്നേഹഭവനങ്ങളിൽ സന്ദർശനം നടത്തുകയും

സഹായങ്ങൾ കൊടുക്കുകയും ചെയ്യുന്നതിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ബിഷപ്സ് ഹൗസിൽ കൂടിയ യോഗത്തിൽ മുഖ്യ യൂത്ത് കോർഡിനേറ്റർ എഡ്വിൻ പാപ്പാറ അധ്യക്ഷത വഹിച്ചു. എമ്മാനു വൽ നിധീരി, റവ.ഡോ. ജോർജ് വർഗ്ഗീസ് ഞാറകുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, യൂത്ത് കോർഡിനേറ്റർമാർ തുടങ്ങിയവർ നേതൃത്വം നൽകി.

**8. ഇലഞ്ഞി മേഖല മീറ്റിംഗ്**

ഇലഞ്ഞി ഫൊറോന മീറ്റിംഗ് ജയിംസ് കുറ്റിക്കോട്ടയിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊറോന വികാരി വെരി റവ.ഫാ. ജോസഫ് എടത്തുംപറ മ്പിൽ ഉദ്ഘാടനം ചെയ്തു. ജോസഫ് തോമസ്, ഷാജി എറണാകുളം, ബെന്നി കൊഴുപ്പൻകുറ്റി എന്നിവർ സംസാരിച്ചു.

**9. കുറവിലങ്ങാട് മേഖല മീറ്റിംഗ്**

കുറവിലങ്ങാട് ഫൊറോന മീറ്റിംഗ് നിധിഷ് നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മേഖല ഡയറക്ടർ റവ.ഫാ. ജോർജ്ജ് വടയാറ്റുകുഴി ഉദ്ഘാ ടനം ചെയ്തു. അടുക്കളത്തോട്ടമത്സരം 2022 ലെ വിജയികൾക്കുള്ള സമ്മാന ങ്ങൾ വിതരണം ചെയ്തു. സെബാസ്റ്റ്യൻ മുതുകാട്ടിൽ, റ്റോമി കണ്ണീറ്റുമ്യാലിൽ തുടങ്ങിയവർ സംസാരിച്ചു.

**10. അഭിനന്ദനവും ആദരവും**

കുറവിലങ്ങാട് മുത്തിയമ്മയുടെ ജനനത്തിരുനാൾ ദിവസങ്ങളിൽ ദൈവാല യത്തിലെ ഭക്തജനങ്ങൾക്കു എല്ലാ ദിവസവും നേർച്ചക്കഞ്ഞി വിതരണം ചെയ്തു. ആറായിരത്തോളം വരുന്ന തീർത്ഥാടകർക്ക് 8-ാം തീയതി നേർച്ചപ്പത്തിനൊപ്പം ഫിഷ്മോളിയും തയ്യാറാക്കി വിതരണം ചെയ്തു. യൂണിറ്റ് അംഗങ്ങളെയും നേതൃത്വം നൽകിയ ഭാരവാഹികളെയും ആദരിച്ചു. ആർച്ച് പ്രീസ്റ്റ് വെരി റവ. ഡോ. അഗസ്റ്റ്യൻ കൂട്ടിയാനി മെമന്റോകൾ സമ്മാനിച്ചു. എമ്മാനുവൽ നിധീരി, നിധിഷ് നീധിരി, ബ്രൈസ് വെള്ളാരംകാല, റെജി എന്നിവർ സംസാരിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി വാർഷികം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ വാർഷിക ജന റൽ ബോഡി യോഗം പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ കോംപ്ലക്സിൽ അഗ്രിമ സെൻട്രൽ നേഴ്സറി ഹാളിൽ നടന്നു. കേരളാ സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഷെയർ സർട്ടിഫിക്കറ്റുകളുടെ വിതരണോദ്ഘാടനവും നിർവഹിച്ചു. കമ്പനി ചെയർമാൻ സിബി മാത്യു യോഗത്തിന് അധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറ

ക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ജോയി മടിയ്ക്കാങ്കൽ, വിമൽ ജോണി, പി.വി. ജോർജ്, ക്ലാരീവ് ചെറിയാൻ, ഷീബാ ബെന്നി, സി. ലിറ്റി തെരേസ, മെർളി ജെയിംസ് തുടങ്ങിയവർ പ്രസംഗിച്ചു.

**2. ശീതകാല പച്ചക്കറിക്കൃഷി സെമിനാർ**

പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ ഹാളിൽ വച്ചു ശീതകാല പച്ചക്കറിക്കൃഷിരീതി കളെക്കുറിച്ചു ക്ലാസ് നടന്നു. മുത്തോലി അഗ്രിക്കൾച്ചർ ഓഫീസർ മീഷാ മോഹൻ സെമിനാറിനു നേതൃത്വം നൽകി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ ശീതകാല പച്ചക്കറിത്തൈകളുടെ വിതരണോ ദ്ഘാടനം നടത്തി.

**3. കേരശ്രീ തെങ്ങിൻതൈവിതരണം**

പാലാ മുണ്ടുപാലം അഗ്രിമാ സെൻട്രൽ നഴ്സറിയുടെ ആഭിമുഖ്യത്തിൽ വിത രണം ചെയ്യുന്ന അത്യുത്പാദനശേഷിയുള്ള കേരശ്രീ തെങ്ങിൻതൈകളുടെ വിത രണോദ്ഘാടനം നാഷണൽ റ്റീ ബോർഡ് മെമ്പർ അഡ്വ. റ്റി.കെ. തുളസീധരൻ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**4. കുട്ടികളും കൃഷിയിലേക്ക്**

പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി 'കുട്ടികൾ കൃഷിയി ലേക്ക്' എന്ന പദ്ധതി എല്ലാ സ്കൂളുകളിലും നടപ്പാക്കി. കോർപ്പറേറ്റിലെ എല്ലാ സ്കൂളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ കൃഷിമത്സരം നടത്താൻ തീരു മാനിച്ചു. എല്ലാ പ്രധാനാധ്യാപകരുടെയും സംഗമത്തിൽ കാർഷിക ക്ലാസ് രൂപീ കരിച്ച് ഇൻചാർജ് ടീച്ചറിനെ നിയോഗിക്കുകയും ക്ലാസ് ഭാരവാഹികളെയും തിര ഞ്ഞെടുക്കുകയും ചെയ്യണമെന്നു നിർദ്ദേശിച്ചു. ജൂലൈ മാസത്തിൽ ക്ലബുകൾ രൂപീകരിച്ചു. കൃഷി ഓഫീസർമാരുടെ നേതൃത്വത്തിൽ കൃഷിബോധനക്ലാസുകൾ നൽകി. സെപ്റ്റംബർ 14 ന് എല്ലാ സ്കൂളുകൾക്കും ഏഴ് ഇനങ്ങളിലായി 100 പച്ച ക്കറിത്തൈകൾ സൗജന്യമായി നൽകി. തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. നൂറിലധികം സ്കൂളുകൾ പച്ചക്കറിത്തൈകൾ ഏറ്റുവാങ്ങി. ആയിരത്തിലധികം അധികം കുട്ടിക്കർഷകർ എല്ലാ സ്കൂളുകളിലുമായി ക്ലബിൽ അംഗങ്ങളായി പരി ശീലനം നേടിവരുന്നു. അഗ്രിമ മാർക്കറ്റിൽ ആവശ്യമായ കീടനാശിനി, വളം ഇവ ലഭ്യമാണ്.

**5. 'കുട്ടികളും കൃഷിയിലേക്ക്' കൃഷി വിജ്ഞാനസദസ്സ്**

പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും സംയുക്തസംരംഭമായ 'കുട്ടി കളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിലെ ചിൽഡ്രൻസ് ഫാർമേഴ്സ് ക്ലബ് ചുമതലക്കാരായ അധ്യാപകർക്കായി പാലാ രൂപതാതല കൃഷി വിജ്ഞാനസദസ്സ് പാലാ ബിഷപ്സ് ഹൗസ് ഹാളിൽ സംഘടിപ്പിച്ചു. അഭിവന്ദ്യ പാലാ രൂപതാമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് കൃഷി വിജ്ഞാനസദസ്സിന്റെ

ഉദ്ഘാടനവും സ്കൂളിലേക്കുള്ള സൗജന്യ പച്ചക്കറിത്തൈകളുടെ വിതരണോദ്ഘാടനവും നിർവഹിച്ചു. രൂപതാകോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെയും പി.എസ്.ഡബ്ല്യു.എസിന്റെയും സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം അധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, ഫാ. ജോർജ് പുല്ലുകാലായിൽ, ടോണി സണ്ണി, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഡോ. പ്രീതാ പോൾ ക്ലാസ് നയിച്ചു. 75 സ്കൂൾക്കായി ഏഴായിരത്തിലധികം പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.

**6. കാരിത്താസ് ഇന്ത്യ – നാഷണൽ അസംബ്ലി പാലായിൽ**

ഭാരത കത്തോലിക്കാസഭയുടെ സാമൂഹ്യസേവനവിഭാഗമായ കാരിത്താസ് ഇന്ത്യയുടെ നാഷണൽ അസംബ്ലി ഒക്ടോബർ 12, 13, 14 തീയതികളിൽ പാലാ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും. ഇന്ത്യയിലെ 171 രൂപതകളിലെ സോഷ്യൽ വർക്ക് ഡയറക്ടർമാർ സമ്മേളനത്തിൽ പങ്കെടുക്കും. അഭിവന്ദ്യ പിതാക്കന്മാർ നാഷണൽ അസംബ്ലിയിൽ സംസാരിക്കുന്നു. 12 ന് രാവിലെ 9 ന് ആരംഭിച്ച് 14-ാം തീയതി ഉച്ചയ്ക്ക് 2 ന് സമ്മേളനം സമാപിക്കും. മാനവികതയെ ബാധിക്കുന്ന ഏതു പ്രശ്നത്തിലും മുൻപന്തിയിൽ നിൽക്കുന്ന ആഗോളവും സാർവത്രികവുമായ ജീവകാരുണ്യപ്രവർത്തനങ്ങളാണ് കാരിത്താസ് ഇന്ത്യയുടെ കാതൽ.

**7. സജീവം – ലഹരിവിരുദ്ധയജ്ഞം**

കാരിത്താസ് ഇന്ത്യയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന സജീവം ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി വടകര ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ വച്ചു സ്റ്റുഡൻസ് പോലീസ് കേഡർ യൂണിറ്റിലെ കുട്ടികൾക്കായി ബോധനസെമിനാറും മയക്കുമരുന്നിനെതിരേ പ്രതിജ്ഞയെടുക്കലും നടത്തി. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, വാർഡ് കൗൺസിലർ ജിജോ റ്റി. ബേബി, സി. ലിറ്റിൽ തെരേസ് തുടങ്ങിയവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**8. ലഹരിവിരുദ്ധ ബോധനമത്സരങ്ങൾ**

സെന്റ് പോൾസ്, ഹൈസ്കൂൾ മുത്തോലപുരം, ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ വടകര എന്നീ സ്കൂളിലെ കുട്ടികൾക്കായി കൈയെഴുത്തുമാസികാമത്സരം, സെമിനാർ അവതരണം, സ്ലൈഡ് അവതരണം, ജിംപ് സോഫ്റ്റ് കോളാഷ് വർക്ക് മത്സരങ്ങൾ എന്നിവ നടത്തി. പ്രാഗല്ഭ്യം തെളിയിച്ച പ്രതിഭകൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.

**9. ഓണാഘോഷപരിപാടികൾ**

വിവിധ സ്വയംസഹായസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ, കർഷകദളങ്ങൾ, കർഷകദള ഫെഡറേഷനുകൾ എന്നിവർ 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വാർഷികാഘോഷങ്ങളും ഓണാഘോഷവും നടത്തി. ഫൊറോന, ഇടവക ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിപുലമായ ആഘോഷങ്ങളും മത്സരങ്ങളുമാണ് നടത്തിയത്. പൂവരണി സ്വാശ്രയസംഘം നവജീവൻ കർഷകദളത്തിന്റെ വാർഷികം വിപുലമായി നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ കർഷകദളം പ്രസിഡന്റ് ശ്രീ തോമസ് കൊള്ളികൊള

വിലിന്റെ അധ്യക്ഷതയിൽ നടത്തി. മുതിർന്ന അംഗങ്ങളെ ആദരിച്ചു. സോണൽ കോർഡിനേറ്റർ സൗമ്യ ജെയിംസ് പരിപാടികൾക്കു നേതൃത്വം നൽകി.

പറത്താനം നവജീവൻ സ്വയംസഹായസംഘത്തിന്റെ 1000-ാമത് മീറ്റിംഗ് നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, എസ്.എസ്. ഡയറക്ടർ ഫാ. ജോസഫ് മണിയൻചിറ, ഫാ. ജോർജ് പുതിയപറമ്പിൽ, സിബി കണിയാമ്പടി തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമത്തിന്റെ 25-മത് വാർഷികദിനം**

ഡി.സി.എം.എസ്. സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലച്ചന്റെ 25-ാമത് ചരമവാർഷികദിനാചരണം DCMS സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ആർപ്പൂക്കര ചെറുപുഷ്പദൈവാലയത്തിൽ 2023 സെപ്റ്റംബർ 7 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് നടത്തപ്പെട്ടു. DCMS സംസ്ഥാനഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബ്ബാന അർപ്പിച്ചു. KCBC SC/ST/BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. തുടർന്ന് കബറിടത്തിങ്കൽ ഒപ്പീസും ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ പ്രവർത്തനങ്ങളും ജീവചരിത്രവും ഉൾപ്പെടുത്തിയുള്ള മ്യൂസിയത്തിന്റെ ഉദ്ഘാടനവും അനുസ്മരണസമ്മേളനവും നടന്നു. DCMS സംസ്ഥാനപ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷത വഹിച്ച അനുസ്മരണസമ്മേളനം KCBC SC/ST/BC/ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്തു. DCMS സംസ്ഥാനഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പള്ളി വികാരി ഫാ. ലൂയിസ് വെള്ളാനിക്കൽ, DCMS സംസ്ഥാന ജനറൽ സെക്രട്ടറി ജസ്റ്റിൻ പി. സ്റ്റീഫൻ, ഇ. ഇ. കുഞ്ഞുകൊച്ച് എന്നിവർ സംസാരിച്ചു. രൂപതയിൽനിന്ന് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റും രൂപതാസമിതി അംഗങ്ങളും പങ്കെടുത്തു.

**2. എപ്പാർക്കിയൽ അസംബ്ലി അടിയന്തരമീറ്റിംഗ്**

ആഗസ്റ്റ് 20 ന് കൂടിയ രൂപത കമ്മറ്റിയുടെ തീരുമാനപ്രകാരം എപ്പായർക്കിയൽ അസംബ്ലിക്കു മുന്നോടിയായി രൂപതയിലെ DCMS രൂപത കമ്മറ്റിയംഗങ്ങളും പാസ്റ്ററൽ കൗൺസിൽ അഗങ്ങളും ഉൾപ്പെടുന്ന ഒരു ചർച്ച ആഗസ്റ്റ് 27 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ കൂടുകയും, ചർച്ചയിൽവന്ന ആശയങ്ങൾ ക്രോഡീകരിച്ചു രൂപതയിൽ നല്കുകയും ചെയ്തു.

**3. രൂപതാക്കമ്മറ്റി**

സംഘടനയുടെ ഓരോ മാസത്തെയും പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതും വിവിധ കർമ്മപരിപാടികൾ ചർച്ച ചെയ്തു രൂപം നല്കുന്നതുമായ രൂപതാക്കമ്മറ്റി സെപ്റ്റംബർ 17 ഞായറാഴ്ച രാവിലെ 10.30 നു ഷാലോം പാസ്റ്ററൽ സെന്ററിൽ കൂടി. ആഗസ്റ്റ് മാസത്തെ കണക്ക്, റിപ്പോർട്ട് എന്നിവ പാസ്സാക്കുകയും ചെയ്തു.

**4. രൂപത കൗൺസിൽ**

രൂപതയിലെ 13 ഫൊറോനകളിലെയും കൗൺസിൽ അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള രൂപതാകൗൺസിൽ സെപ്റ്റംബർ 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു കൂടി. വരുംമാസങ്ങളിലെ കർമ്മ പരിപാടികൾ ചർച്ച ചെയ്തു തീരുമാനിച്ചു.

**5. തീർത്ഥാടനപദയാത്ര**

2023 സെപ്റ്റംബർ 17 നു കൂടിയ രൂപതാക്കമ്മറ്റി, രൂപതാകൗൺസിൽ തീരുമാന പ്രകാരം 2023 ഒക്ടോബർ 16 നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് തീർഥാടനപദയാത്ര നടത്താൻ തീരുമാനിച്ചു. ഒക്ടോബർ 16 തിങ്കളാഴ്ച രാവിലെ 10 നു ചക്കാമ്പുഴ കുരിശുപള്ളി കവലയിൽനിന്നു തീർഥാടനപദയാത്ര ആരംഭിക്കും. തീർഥാടനപദയാത്രയിൽ പങ്കെടുക്കുന്നവർ രാവിലെ 9.30 നു എത്തിച്ചേരണം. ഉച്ചകഴിഞ്ഞ് 1.30 നു രാമപുരത്ത് എത്തിച്ചേരുന്ന തീർഥാടനപദയാത്ര രാമപുരം ഫൊറോന വികാരി റവ. ഡോ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ സ്വീകരണം നല്കും. 2.30 ന് DCMS പാല രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ദിവ്യബലി അർപ്പിച്ചു സന്ദേശം നല്കും.

**ഫാ.ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

---

# കെയർ ഹോംസ്

---

**1. മീറ്റിംഗ്**

കെയർ ഹോംസ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

സ്പെഷ്യൽ സ്കൂൾ അധികാരികളുടെ മീറ്റിംഗ് കൂടി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# കെ.എൽ.എം.

---

1. **മീറ്റിംഗ്**

കെ.എൽ.എം എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**2.** വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്കു ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2.** സെപ്റ്റംബർ 5, 26 തീയതികളിൽ വിവാഹ ഒരുക്കസെമിനാറിൽ ക്ലാസ്സെടുത്തു.

**3.** സെപ്റ്റംബർ 9 ന് മുട്ടുചിറ ഫൊറോന പള്ളിയിൽ സായാഹനകൺവൻഷൻ നടത്തി.

**4. ബൈബിൾ കൺവെൻഷൻ**

ബൈബിൾ കൺവെൻഷന് ഒരുക്കമായുള്ള ആലോചനായോഗം 31-ാം തീയതി ഉച്ചതിരിഞ്ഞ് അരമനയിൽ ചേർന്നു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗം ഉദ്ഘാടനം ചെയ്തു.

5. ബൈബിൾ കൺവെൻഷന് ഒരുക്കമായുള്ള മദ്ധ്യസ്ഥപ്രാർത്ഥന 10-09-23 ന് സാന്തോം കോൺവെന്റിൽ ആരംഭിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ചശുശ്രൂഷകൾ**

ബഹു. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മുതൽ ഉച്ചയ്ക്ക് 2.15 വരെയും ജപമാല, സ്തുതി, ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാ രാധന എന്നീ ശുശ്രൂഷകൾ നടന്നു. ബ്രദർ റോഷി മാനുവേൽ മൈലക്കച്ചാലിൽ, റവ. ഫാ. ജോസഫ് മഠത്തിക്കുന്നേൽ, ബ്രദർ ജോസി അബ്രഹാം കൊഴുവിനാൽ, ബ്രദർ രവി തോമസ് രാമപുരം എന്നിവർ സെപ്റ്റംബറിലെ ഓരോ ആഴ്ചയിലും വചനശുശ്രുഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ ബഹു. ജേക്കബ് വെള്ള മരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവല യത്തിൽവച്ച് സെപ്റ്റംബർ 2 ആദ്യശനി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 വരെ കരിസ്മാറ്റിക് സംഗമം നടന്നു. ബ്രദർ സണ്ണി വാഴയിൽ വചനസന്ദേശം നൽകി വിശുദ്ധ കുർബാന, ദിവ്യകാരുണ്യാരാധാന, എല്ലാ മിനിസ്റ്ററികളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ നടത്തപ്പെട്ടു.

**3. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാല യത്തിൽവച്ച് നടക്കുന്ന രാത്രിയാരാധന വൈകിട്ട് 7 മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. സെപ്റ്റംബർ 30 ശനി, റവ. ഫാ. ക്ലീറ്റസ് CMI വചനശുശ്രൂഷയും ആരാധനയും നയിച്ചു. തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ

വെട്ടുകല്ലേൽ, കരിസ്മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ള മരുതുങ്കൽ, രൂപത സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**4. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ഫിസിക്കലായി അരുവിത്തുറ സബ്സോണിൽ എല്ലാം ബുധനാഴ്ചയും ഒരു മണി മുതൽ 4 മണി വരെ സെമിനാർ നടന്നുകൊണ്ടിരിക്കുന്നു.

**5. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്ര ദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി നല്കപ്പെട്ടിരിക്കുന്ന സെപ്റ്റംബർ 7 വ്യാഴം, ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽവച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. ജോസഫ് പരവുമേൽ (ഭരണങ്ങാനം സബ് സോൺ ആനിമേറ്റർ) വചന ശുശ്രൂഷ നൽകി.

**6. പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി**

വേഴങ്ങാനം ദൈവാലയത്തിൽ വച്ച് സെപ്റ്റംബർ 9, 10 തീയതികളിൽ സൺഡേസ്കൂൾ കുട്ടികൾക്കായി ക്രിസ്റ്റീൻധ്യാനം നടത്തപ്പെടുകയുണ്ടായി.

**7.** എല്ലാം വെള്ളിയാഴ്ചയും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെടുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടെ 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - സെപ്റ്റംബർ 9 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2.** തീക്കോയി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം സെപ്റ്റംബർ 12 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**3.** സീറോമലബാർ സഭയിലെ യുവവൈദികരുടെ തുടർപരിശീലനത്തിനുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ, 33 വൈദികരെ പങ്കെടുപ്പിച്ചുകൊണ്ടു കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള കാര്യാലയത്തിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ, ക്രൈസ്തവവിശ്വാസത്തിൽ എക്സോർസിസം മിനിസ്ട്രിയുടെ പ്രാധാന്യത്തെയും അജപാലനപരമായ പ്രസക്തിയെയുംപറ്റി സെപ്റ്റംബർ 14 ന് രാവിലെ 9.00 മുതൽ വൈകുന്നേരം 5 വരെ ക്ലാസ് കൊടുത്തു.

**4.** സെപ്റ്റംബർ 17 മുതൽ 23 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാ ഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

5. മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നു.

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മൂന്നു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2023 ഒക്ടോബർ 14, 9 am - 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 നവംബർ 11, 9 am - 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 നവംബർ 16, 5 pm - 22, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ഡിസംബർ 9, 9 am - 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ഡിസംബർ 26, 5 pm - 2024 ജനു 1, 9.00 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

**ഫ്രാൻസിസ്കൻ അല്മായസഭ (SFO)**

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും, യൂണിറ്റ് മീറ്റിങ്ങുകളും മുടങ്ങാതെ നടന്നു വരുന്നു.

സീറോ മലബാർ സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്, സെന്റ് തോമസ്, പാവനാത്മ എന്നീ പ്രോവിൻസുകളിലെ റീജിയണൽ പ്രസിഡന്റു മാരുടെ സംയുക്തയോഗം കോട്ടയം സെന്റ് ജോസഫ് പ്രോവിൻസ് ആസ്ഥാനത്ത് സീറോ മലബാർ SFO Spiritual Assistant റവ.ഫാ. മൈക്കിൾ പറുശ്ശേരിൽ. OFM. Cap. ന്റെ അദ്ധ്യക്ഷതയിൽ കൂടി. SFO പാലാ രൂപത Spiritual Assistant Rev. Fr. ആന്റണി വെച്ചൂർ OFM. Cap. പ്രസ്തുത യോഗത്തിൽ സന്നിഹിതനായിരുന്നു. പാലാ രൂപതയിലെ 5 റീജീയണൽ പ്രസിഡന്റുമാരും യോഗത്തിൽ പങ്കെടുത്ത് റീജിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും റീജിയന്റെ പരിധിയിൽ യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ പുതിയതായി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള കർമ്മപദ്ധതികൾക്ക് രൂപംനൽകുകയും ചെയ്തു. ഫ്രാൻസിസ്കൻ അല്മായസഭ പാലാ രൂപത നേതൃസംഗമവും രൂപത കൗൺസിലിന്റെ സ്ഥാപനവും രൂപതാസമിതിയിലേക്ക് അടുത്ത മൂന്നു വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും 17-9-2023 ഞായാറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം അസിസ്സി ധ്യാനകേന്ദ്രത്തിൽവച്ചു നടത്തപ്പെട്ടു. രൂപതയിലെ മുഴുവൻ റീജിയണൽ പ്രസിഡന്റുമാരും, യൂണിറ്റ് പ്രസിഡന്റുമാരും പങ്കെടുത്തു.

റീജിയണൽ പ്രസിഡന്റുമാരും യൂണിറ്റ് പ്രസിഡന്റുമാരും ഉൾപ്പെടുന്ന രൂപത കൗൺസിലിൽനിന്ന് സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ ചേർപ്പുങ്കൽ, റ്റോമി കെ. മാത്യു കളപ്പുരയ്ക്കൽ പൈക, റ്റിസി രാജു കടലീക്കാട്ട്, രാമപുരം, അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ പെരിങ്ങുളം, സി.ജെ. കുര്യൻ ചെറുകാട്ടിൽ, കുറവിലങ്ങാട് എന്നിവർ യഥാക്രമം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഫോർമേറ്റർ, ട്രഷറർ എന്നീ സ്ഥാനങ്ങളിലേക്കും ടോമി സേവ്യർ തെക്കേൽ, പൈക. ടോമി തോമസ് കുന്നത്തൂർ, കടനാട്, സി.ജെ. തോമസ് ചാലിൽ, അരുവിത്തുറ, വി.റ്റി. മത്തായി വാളിയാങ്കൽ, മേലുകാവുമറ്റം എന്നിവരെ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. നേതൃയോഗത്തിനും തിരഞ്ഞെടുപ്പുനടപടിക്രമങ്ങൾക്കും സ്പിരിച്വൽ അസിസ്റ്റന്റുമാരായ ഫാ. മൈക്കിൾ പറുശ്ശേരിൽ OFM. Cap, ഫാ. ആന്റണി വെച്ചൂർ OFM. Cap., ഫാ. ജിതിൻ വടക്കുംമുറി OFM. Cap. എന്നിവർ നേതൃത്വം നൽകി. വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും രൂപതാസമ്മേളനവും 2023 ഒക്ടോബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 9 മുതൽ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിന്റെ പാരീഷ് ഹാളിൽവച്ചു നടത്തപ്പെടുന്നു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. പത്രപ്രചാരണം**

കോതനല്ലൂർ ഇടവകയിൽ ഡി.എഫ്.സി. വർക്ക് നടത്തി.

**2. മീറ്റിംഗ്**

ഡി.എഫ്.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)






## സി. റോസുള എഫ്.സി.സി.

പാലാ രൂപത കരൂർ ഇടവകയിൽ ഞാവള്ളിൽ കാടൻകാവിൽ കുടുംബത്തിൽ ചാക്കോ-മേരി ദമ്പതികളുടെ 15 മക്കളിൽ ഏറ്റവും ഇളയവളായി കെ.സി. ഏലിക്കുട്ടി എന്ന റോസുളാമ്മ ജനിച്ചു. കുഞ്ഞേലിക്കുട്ടി എന്ന ഓമന പ്പേരിൽ അറിയപ്പെട്ടിരുന്ന റോസുളാമ്മ പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ. സി. പാസ്സായശേഷം 1956 ജൂലൈ 3 ന് ളാലം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. ചെമ്മലമറ്റം, കണ്ണാടിയുറുമ്പ് മഠങ്ങളിലായി പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കി 1958 ഏപ്രിൽ 10 ന് സി. റോസുള എന്ന പേര് സ്വീകരിക്കുകയും പ്രഥമവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. സ്നേഹിക്കുക, സേവിക്കുക, സഹിക്കുക അങ്ങനെ ഒരു വിശുദ്ധയായിത്തീരുക എന്ന ആദർശത്തോടെ ജീവിച്ച ബഹു. റോസുളാമ്മ 1961 ആഗസ്റ്റ് 28 ന് നിത്യവ്രതവാഗ്ദാനം നടത്തി.

1958 മുതൽ 1995 വരെ 37 വർഷക്കാലം താൻ പഠിച്ച പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽത്തന്നെ ഓഫീസിൽ തന്റെ നിസ്തുലമായ സേവനം കാഴ്ചവയ്ക്കുവാനുള്ള അസുലഭഭാഗ്യവും ബഹു. റോസുളാമ്മയ്ക്ക് ലഭിച്ചു. സാന്തോം മുത്തോലി, ളാലം, അൽഫോൻസാ കോൺവെന്റ്, അൽഫോൻസാഭവൻ, പ്രൊവിൻഷ്യൽ ഹൗസ്, സാൻജോ ഹോസ്റ്റൽ, ആശാനിലയം എന്നീ മഠങ്ങളിൽ താമസിച്ച്, ലോക്കൽ സെക്രട്ടറി, പാർലർ സിസ്റ്റർ, രോഗീശുശ്രൂഷി, സങ്കീർത്തിക്കാരി എന്നീ ജോലികളും നിർവഹിച്ചിരുന്നു. ഇതിനിടയിൽ ഒരുവർഷക്കാലം കണ്ണാടിയുറുമ്പ് മറിയം ക്ലാര ആശ്രമത്തിൽ പ്രാർത്ഥനയ്ക്കായി ചെലവഴിക്കുകയും ചെയ്തു.1998 മുതൽ 2003 വരെ പ്രൊവിൻസിലെ എഡ്യൂക്കേഷൻ കൺസൾട്ടന്റായും അമ്മ തന്റെ സേവനം കാഴ്ചവച്ചു. എല്ലാവർക്കും എല്ലാമായി ഓടിനടന്ന് സഭാംഗങ്ങളുടെ വളർച്ചയ്ക്കും ഉന്നമനത്തിനുമായി അത്യദ്ധ്വാനം ചെയ്ത ബഹു. റോസുളാമ്മയ്ക്ക് തലച്ചോറ് ചുരുങ്ങിയതിന്റെ ഫലമായി 2018 മുതൽ ഓർമ്മക്കുറവ് അനുഭവപ്പെട്ടുതുടങ്ങി. ചികിത്സകൾ പലതും ചെയ്തെങ്കിലും ഫലമുണ്ടായില്ല.

വിശ്രമജീവിതത്തിലും പ്രാർത്ഥനയിലുമായിരുന്ന ബഹു. റോസുളാമ്മ 2022 ഒക്ടോബർ 14 ന് ഉണ്ടായ ഒരു വീഴ്ചയെത്തുടർന്ന് ഓപ്പറേഷനു വിധേയയാവുകയും ശയ്യാവലംബിയാവുകയും ചെയ്തു. രോഗത്തിന്റെ ബുദ്ധിമുട്ടുകൾ വർദ്ധിച്ചതിനെത്തുടർന്ന് ജൂലൈ 17-ാം തീയതി ളാലം പള്ളി വികാരി ബഹു. ജോസഫ് തടത്തിലച്ചൻ റോസുളാമ്മയ്ക്ക് രോഗീലേപനം നല്കി. 2023 ആഗസ്റ്റ് 31 ന് ബഹു. റോസുളാമ്മയ്ക്ക് പെട്ടെന്ന് ശ്വാസതടസ്സം ശക്തമായി അനുഭവപ്പെട്ടതിനെത്തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ മെഡിക്കൽ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. സെപ്തംബർ 1-ാം തീയതി ഉച്ചയ്ക്ക് 1.30 ന് ബഹു. റോസുളാമ്മയുടെ നില പെട്ടെന്ന് വഷളാവുകയും വളരെ ശാന്തയായി തന്റെ ദിവ്യമണവാളനായ ഈശോയിൽ വിലയം പ്രാപിക്കുകയും ചെയ്തു. അന്ന് തന്നെ 6 PM ന് ബഹു. റോസുളാമ്മയുടെ ഭൗതികശരീരം ളാലം മഠം ചാപ്പലിൽ എത്തിച്ചു.

പിറ്റേദിവസം സെപ്തംബർ 2-ാം തീയതി ഉച്ചയ്ക്ക് 1.30 ന് ബഹു. റോസുളാമ്മയുടെ സഹോദരൻ ബഹു. ഡോ. തോമസ് കാടൻകാവിൽ സി.എം.ഐയുടെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ച സമൂഹബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ളാലം മഠം ചാപ്പലിൽ ആരംഭിച്ചു. ദിവ്യബലിമദ്ധ്യേ ബഹു. ഡോ. ജെയിംസ് നരിതൂക്കിൽ സി.എം.ഐ. ബഹു. റോസുളാമ്മയുടെ ധന്യജീവിതത്തെ എടുത്തുകാട്ടി ഏറെ ഹൃദയസ്പർശിയും പ്രവചനാത്മകവുമായ അനുശോചനസന്ദേശം നല്കി. പള്ളിയിലെ തിരുകർമ്മങ്ങൾക്ക് പാലാ രൂപത പ്രോട്ടോ സെഞ്ചുലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചൻ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുശോചനസന്ദേശം നല്കുകയും ചെയ്തു. പന്ത്രണ്ടോളം വൈദികരുടെയും അനേകം സിസ്റ്റേഴ്സിന്റെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ, പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ വൈകുന്നേരം 4.10 ന് ളാലം പഴയപള്ളി സിമിത്തേരിയിൽ റോസുളാമ്മയുടെ മൃതദേഹം സംസ്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ വിശ്വസ്തദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.



## റവ. സി. ഗ്രെയ്സ് കല്ലൂർ എഫ്.സി.സി.

കണ്ണൂർ ജില്ലയിൽ തലശ്ശേരി രൂപതയിൽ നെല്ലിപ്പാറ ഇടവകയിൽ കല്ലൂർ കുടുംബത്തിൽ ആന്റണി-ഏലിക്കുട്ടി ദമ്പതികളുടെ പത്തു മക്കളിൽ എട്ടാമത്തെ സന്താനമായി 1970 ഏപ്രിൽ 22 ന് ലിജന്റ് എന്ന സി. ഗ്രേയ്സ് ജനിച്ചു. 02.05.1970 ൽ മാമ്മോദീസാ സ്വീകരിച്ചു. മാമ്മോദീസായിൽ അന്ന എന്ന പേരു നൽകി. ലിജന്റ് എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. 1988 ൽ ആലക്കോട് അൽഫോൻസാ കോളേജിൽനിന്ന് PDC പഠനം പൂർത്തിയാക്കിയ ലിജന്റ് കർത്താവിന്റെ സ്നേഹത്തിന് തന്നെത്തന്നെ പൂർണമായി അർപ്പിക്കാൻ 1989 ജൂൺ മാസത്തിൽ ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസിൽ, വളക്കാട്ടുകുന്നിൽ അർത്ഥിനിയായി ച്ചേർന്നു. 1992 നവംബർ 28 ന് സഭാവസ്ത്രം സ്വീകരിച്ച് സി. ഗ്രേയ്സ് എന്ന പേരു സ്വീകരിച്ചു. പേരുപോലെതന്നെ ആ കൃപയുടെ സാന്നിധ്യം സ്നേഹത്തിന്റെ നീർച്ചാലായി അനേകരുടെ ജീവിതത്തിലേക്ക് ഒഴുകിത്തുടങ്ങി. 1997

മേയ് 20 ന് നിത്യവ്രതവാഗ്ദാനത്തിലൂടെ നാഥന്റെ സ്വന്തമായിത്തീർന്നു. 1994 ൽ ബാംസൂർ നെഹ്റുസ്മാരക വിദ്യാകേന്ദ്രത്തിൽനിന്ന് NTT കോഴ്സ് പൂർത്തിയാക്കിയ സിസ്റ്റർ 'തനിക്ക് ഏൽപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ഈശോയുടെ സ്നേഹം നൽകുക, ഈശോയെ സ്നേഹിക്കാൻ അവരെ പഠിപ്പിക്കുക എന്നതാണ് തന്റെ മിഷൻ എന്നു കോറിയിട്ടത് തന്റെ അപ്പസ്തോലികജീവിതത്തിലൂടെ തെളിയിച്ചു. ഭരണങ്ങാനം, ചൂണ്ടച്ചേരി, മണിയംകുന്ന്, മൂന്നിലവ്, പ്രൊവിൻഷ്യൽഹൗസ്, കുറിഞ്ഞി, ക്ലാരനഗർ, കൈപ്പള്ളി, വിമലഗിരി തുടങ്ങി ജീവിച്ച ഇടങ്ങളിലെല്ലാം സിസ്റ്റർ അനേകർക്കു പ്രിയങ്കരിയായി.

വിശ്വസ്തയായ ഒരു മണവാട്ടിയെ, എഫ്.സി.സിയെ ഒരുപാട് സ്നേഹിച്ച ഒരു സമർപ്പിതയെ സി. ഗ്രേയ്സിൽ കണ്ടെത്തിയ അധികാരികൾ 2018 ൽ സന്ന്യാസപരിശീലകയായി സിസ്റ്ററിനെ നിയമിച്ചു. രണ്ടു ബാച്ച് അർത്ഥിനികൾക്കു പരിശീലനം നൽകിയ സിസ്റ്ററിന്റെ ദൗത്യ നിർവഹണത്തിൽ തൃപ്തരായ അധികാരികൾ മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ ഫോർമേറ്റേഴ്സ് കോഴ്സിനായി സിസ്റ്ററിനെ അയച്ചു. അവിടേക്ക് എല്ലാവരോടും യാത്രപറഞ്ഞിറങ്ങിയ സിസ്റ്റർ 2022 മാർച്ചുമാസത്തിൽ അവിടെനിന്നു തിരികെയെത്തുന്നത് നിത്യതയിലേക്കു കണ്ണുകളുയർത്താനുള്ള സ്വർഗ്ഗത്തിന്റെ വിളി ക്യാൻസറിന്റെ രൂപത്തിൽ വന്നപ്പോഴാണ്. പരാതികളോ പരിഭവങ്ങളോ ഇല്ലാതെ തന്റെ മാരകമായ രോഗത്തെ ഇരുകരങ്ങളും നീട്ടി സിസ്റ്റർ സ്വീകരിച്ചു.

ഇരുശ്വാസകോശങ്ങളിലേക്കും ക്യാൻസർ പടർന്ന് ശ്വാസംമുട്ടൽ അതികഠിനമായി മൂർച്ഛിച്ചതിനെത്തുടർന്ന് സെപ്റ്റംബർ എട്ടാം തീയതി പാലാ മരിയൻ ഹോസ്പിറ്റൽ ഐസിയുവിലേക്കു മാറ്റി. ഐസിയുവിൽ അതികഠിനമായ അസ്വസ്ഥതകളുടെയും വേദനകളുടെയും നടുവിലും അടുത്തുവരുന്നവരെ നോക്കി പുഞ്ചിരിക്കാൻ ശ്രമിക്കുന്നതു കാണാമായിരുന്നു. സെപ്റ്റംബർ 12-ാം തീയതി എഫ്.സി.സി. സ്ഥാപക മാതാക്കളുടെ ഓർമ്മദിനത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ച് നിമിഷങ്ങൾക്കുള്ളിൽ തേജസ്സാർന്ന മുഖത്തോടെ അതീവശാന്തതയോടെ സിസ്റ്റേഴ്സും ബന്ധുജനങ്ങളും പ്രാർത്ഥനാനിരതരായി നോക്കിനിൽക്കുമ്പോൾ സി. ഗ്രേയ്സിന്റെ നിർമ്മലമായ ആത്മാവ് തന്റെ മണവാളന്റെ സന്നിധിയിലേക്കു പറന്നുയർന്നു.

13.09.2023 ബുധനാഴ്ച രാവിലെ 11.45 ന് പാലാ രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അനുശോചനസന്ദേശം നൽകി. ഉച്ചയ്ക്ക് 1.30 ന് ദിവ്യബലിയോടെ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. റവ. ഫാ. മാർട്ടിൻ OFM Cap. ദിവ്യബലിക്കു മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. ലോനപ്പൻ MST, റവ. ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ എന്നിവർ സഹകാർമ്മികരായിരുന്നു. അരുവിത്തുറപ്പള്ളി വികാരി വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ദിവ്യബലിമധ്യേ സന്ദേശം നൽകി. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം മൃതദേഹം അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപതാ പ്രോട്ടോസിഞ്ചല്ലൂസ് വെരി റവ.ഫാ. ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ച് അനുശോചനസന്ദേശം

നൽകി. തുടർന്ന് മൃതദേഹം അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ വിശ്വസ്ത മണവാട്ടിയെ നിത്യകിരീടം അണിയിക്കട്ടെ!



## റവ. സി. റെമിജി പാറൻകുളങ്ങര എസ്.എച്ച്.

പാലാ രൂപതയിൽ അരുവിത്തുറ ഇടവകയിൽ പാറൻകുളങ്ങര കുടുംബത്തിൽ ചാക്കോ - ഏലിക്കുട്ടി ദമ്പതികളുടെ എട്ടു മക്കളിൽ രണ്ടാമത്തെ സന്താനമായി 1940 ഫെബ്രുവരി 7 ന് ഭൂജാതയായ കുട്ടിയമ്മയ്ക്കു മാമ്മോദീസായിൽ ലഭിച്ച പേര് മേരി എന്നായിരുന്നു. സാമാന്യവിദ്യാഭ്യാസത്തിനുശേഷം 1960 ൽ പാലാ തിരു ഹൃദയമഠത്തിൽ അർത്ഥിനിയായി വന്നു. സന്ന്യാസപരിശീലനം പൂർത്തി യാക്കി. 1962 ഏപ്രിൽ 24 ന് ആദ്യവ്രതം സ്വീകരിച്ച റെമിജി എന്ന നാമം സ്വീകരിച്ചു. 1965 മേയ് 20 ന് നിത്യവ്രതം അനുഷ്ഠിച്ച് എന്നന്നേയ്ക്കു മായി ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി. മുതലക്കോടം സെന്റ് ജോസഫ്സ് ബി.റ്റി.എസിൽ റ്റി.റ്റി.സി. പഠനം പൂർത്തിയാക്കി. 31 വർഷം അധ്യാപനശുശ്രൂഷ ചെയ്ത റെമിജിയമ്മ തന്റെ ശിഷ്യഗണങ്ങളുടെ ഹൃദ യങ്ങളിൽ ഇടം നേടിയ നലം തികഞ്ഞ അധ്യാപികയായിരുന്നു. നരിയ ങ്ങാനം സെന്റ് മഗ്ദലനി യു.പി. സ്കൂളിൽ രണ്ടു വർഷം പ്രഥമാദ്ധ്യാപി കയായും ശുശ്രൂഷ ചെയ്തശേഷം 1997 ൽ സർവീസിൽനിന്നു വിരമിച്ചു. കുളമാവിലും രാമപുരത്ത് മരങ്ങാട്ടിലും സൺഡേ സ്കൂൾ ഹെഡ്മിസ്ട്ര സായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പാലാ, വെള്ളിയാമറ്റം, രാമപുരം, അറക്കുളം, മേലുകാവുമറ്റം, നീലൂർ, മൂലമറ്റം, പൂവത്തോട്, പൂവരണി, തുരുത്തിപ്പള്ളി, ഏഴാച്ചേരി, ചേന്നാട് എന്നീ ഭവനങ്ങളും ഇടവകകളും ആയിരുന്നു റെമിജിയമ്മയുടെ പാദസ്പർശനങ്ങളാൽ അനുഗ്രഹീതമായവ. ഭവനങ്ങളിലേക്കു ഇറങ്ങി ച്ചെന്ന് അവരുടെ സുഖദുഃഖങ്ങൾ പങ്കുവച്ച് അവരിൽ ഒരാളായിരിക്കുവാ നുള്ള ശ്രമങ്ങളെല്ലാം നൂറുമേനി ഫലമണിഞ്ഞു. അധ്വാനതത്പരതരും അധികാരവിധേയത്വവും ആത്മാർത്ഥതയും ലാളിത്യവും വിനയവും വിശു ദ്ധിയും റെമിജിയമ്മയുടെ വ്യക്തിത്വസവിശേഷതകളായിരുന്നു. വാർദ്ധ ക്യസഹജമായ ക്ഷീണങ്ങളും അസ്വസ്ഥതകളും വർദ്ധിച്ചതിനാൽ കൂടു തൽ പരിചരണാർത്ഥം ചക്കാമ്പുഴ എസ്.എച്ച്. ഭവനിലേക്കു റെമിജിയമ്മ സ്ഥലം മാറ്റപ്പെട്ടു. ശയ്യാവലംബിയായ റെമിജിയമ്മ നിരന്തരമായ പ്രാർത്ഥ നയിലൂടെ അന്തിമശുശ്രൂഷയ്ക്ക് ഒരുങ്ങി. 16.08.2023 ബുധൻ ക്ഷീണം വർദ്ധിച്ചതിനാൽ ഒരുക്കത്തോടെ അന്ത്യകൂദാശകൾ സ്വീകരിച്ചു. 17-ാം തീയതി വ്യാഴാഴ്ച 11.35 pm ന് റെമിജിയമ്മ നിത്യസമ്മാനത്തിനായി വിളി ക്കപ്പെട്ടു.18-ാം തീയതി ഉച്ചയ്ക്ക് 2 ന് വിശുദ്ധ കുർബാനയോടെ മൃതസം സ്കാരശുശ്രൂഷകൾ പൂവരണി മഠം ചാപ്പലിൽ ആരംഭിച്ചു. പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിലച്ചന്റെ കാർമി കത്വത്തിൽ മൃതദേഹം പൂവരണി പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.




## SEPTEMBER 2023

| | | |
|---|---|---|
| 01 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 03 | 2.30 pm | നെല്ലിയാനി ഇടവകയിൽ കണ്ടനാട്ട് എം. സി. ചാണ്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 6.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചു ഡീക്കൻ തീർത്ഥാടനദൈവാലയത്തിൽ ബൈബിൾ കൺവൻഷന്റെ സമാപനദിനസന്ദേശം നൽകി. |
| 04 | 11.00 am | ചേർപ്പുങ്കൽ ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 4.15 pm | കീഴൂർ ഇടവകയിൽ പുതിയ പാരിഷ് ഹാളിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| | 5.00 pm | മുളക്കുളം ഇടവകയിൽ പുതിയതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 05 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | പാലാ അൽഫോൻസാ കോളേജിന്റെ വജ്രജൂബിലി വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 4.30 pm | ചേർപ്പുങ്കൽ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.30 pm | ബിഷപ്സ് ഹൗസിൽ, എ.കെ.സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറിത്തോട്ടമത്സരത്തിനുവേണ്ടിയുള്ള വിത്തുകളുടെ വിതരണോദ്ഘാടനം നടത്തി. |
| 06 | 11.00 am | പൂവരണി ഇടവകയിൽ സന്ദർശനം നടത്തി. |
| | 02.30 pm | കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിന്റെ സപ്തതിയാഘോഷ പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. |

| | | |
|---|---|---|
| | 5.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 07 | 10.00 am | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളേജിൽ പുതിയ അധ്യയനവർഷാരംഭസമ്മേളനത്തിന്റെ അധ്യക്ഷപദം വഹിച്ചു. |
| | 11.30 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളേജിൽ നവീകരിച്ച മ്യൂസിയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 08 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 6.00 pm | പൂവരണി ഇടവകയിൽ പുതിയതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 09 | 10.00 am | മുണ്ടാങ്കൽ ഇടവകയിൽ ഒരു കുടുംബയോഗത്തിൽ സംബന്ധിച്ചു. |
| | 2.00 pm | ബിഷപ്സ് ഹൗസിൽ GEM-2023 ന്റെ റിസോഴ്സ് ടീമിനായി സംഘടിപ്പിച്ച പരിശീലനക്ലാസിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 10 | 11:00 am | കാപ്പുന്തല ബേസ് അപ്രേം ദയറയിൽ വേൾഡ് സിറിയക് കോൺഫറൻസിൽ പങ്കെടുക്കുന്ന വിശിഷ്ടവ്യക്തികളുമായി സംവദിച്ചു. |
| | 3.00 pm | രാമപുരം ഫൊറോനയിൽ പാറേമാക്കൽ ഗവർണദോറിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് നടന്ന സിമ്പോസിയത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| 11 | 11.00 am | പ്രവിത്താനം ഫൊറോനപ്പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 04.30 pm | അറുന്നൂറ്റിമംഗലം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 12 | 10.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ പാലാ രൂപത വൈദികസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 4.00 pm | അന്ത്യാളം, ഏഴാച്ചേരി ഇടവകകളിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 13 | 12.00 noon | അരുവിത്തുറ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റർ ഗ്രേയ്സ് കല്ലൂർ എഫ്.സി.സിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 2.30 pm | മൂഴൂർ ഇടവകയിൽ ബഹു. ജോസഫ് തടത്തിലച്ചന്റെ ജ്യേഷ്ഠസഹോദരഭാര്യയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 14 | 7.00 am | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയുടെ നാലാം വാർഷികദിനത്തിൽ കൃതജ്ഞതാബലി അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്നു നടത്തപ്പെട്ട വാർഷികദിനസമ്മേളനത്തിൽ വരുംവർഷത്തേക്കുള്ള കർമ്മപരിപാടികൾ പ്രഖ്യാപിച്ച് മുഖ്യപ്രഭാഷണം നടത്തി. |
| | 3. 00 pm | ബിഷപ്സ് ഹൗസിൽ, പാലാ രൂപത കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും സംയുക്തസംരംഭമായ 'കുട്ടികളും കൃഷിയിലേക്ക്' പദ്ധതി ഉദ്ഘാടനം ചെയ്തു പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. |
| | 4.30 pm | കരൂർ ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 5.15 pm | പാലാ മൗണ്ട് കാർമ്മൽ ആശ്രമത്തിൽ ഒ.സി.ഡി. മലബാർ പ്രൊവിൻസ് അംഗമായ ബഹു നോർബർട്ട് വാഴയിൽ ഒ. സി.ഡി. അച്ചന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | ജയ്പൂർ ബിഷപ് റൈറ്റ് റവ.ഡോ. ജോസഫ് കല്ലറയ്ക്കലിനെ അരമനയിൽ സ്വീകരിച്ചു. |
| | 6. 30 pm | ചങ്ങനാശ്ശേരി അതിരൂപത തോട്ടക്കാട് ഇടവക ചോതിരക്കുന്നേൽ എൽസമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 7.00 pm - sep.16 -1.00 pm | ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട റീജിയണൽ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു. |
| | 04.00 pm | ളാലം പഴയപള്ളി ഇടവകയിൽ ഹോം പാലാ പ്രോജക്റ്റിന്റെയും അൽഫോൻസാ കോളേജിന്റെയും നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 6. 30 pm | മരങ്ങാട്ടുപിള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള ഭവനസന്ദർശനത്തിലും പ്രതിനിധിയോഗത്തിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 17 | 7.45 am | മരങ്ങാട്ടുപിള്ളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 18 | 9.00 am | ബിഷപ്സ് ഹൗസിൽ പ്രൊഫ. ജോർജുകുട്ടി വട്ടോത്ത് എഴുതിയ ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. |
| | 3.30 pm | കാഞ്ഞിരത്താനം ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന വിദ്യാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| 19 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | ഗോരഖ്പൂർ നിയുക്ത ബിഷപ് അഭിവന്ദ്യ മാത്യു നെല്ലിക്കുന്നേൽ പിതാവിനെ അരമനയിൽ സ്വീകരിച്ചു. |
| | 4.00 pm | പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പുതുതായി ക്രമീകരിക്കപ്പെട്ട MRI സ്കാനിംഗ് സെന്ററിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| 21 | 12.00 noon | ഭരണങ്ങാനം ഫൊറോനയിൽ പാംപ്ലാനിയിൽ പി.സി സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.30 pm | ഖസാക്കിസ്ഥാനിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ബിഷപ് ജോർജ് പനംതുണ്ടിലിനെ അരമനയിൽ സ്വീകരിച്ചു. |
| 22 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | വെള്ളികുളം ഇടവകയിൽ കാലാവസ്ഥാവ്യതിയാനത്തിൽ ആശങ്കയനുഭവിക്കുന്നവരെ സന്ദർശിച്ചു. |
| | 5.00 pm | പെരുന്തുരുത്ത് ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട കുരിശുപള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| 23 | 6.45 pm | വിളക്കുമാടം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |
| 24 | 7.45 am | വിളക്കുമാടം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |

| | | |
|---|---|---|
| | 12.00 pm | വിളക്കുമാടം സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതുതായി നിർമ്മിക്കപ്പെട്ട പ്രവേശനകവാടം വെഞ്ചരിച്ചു. |
| | 12:30 pm | വിളക്കുമാടം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഭവനം ആശിർവദിച്ചു. |
| 26 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | ബിഷപ്സ് ഹൗസിൽ NEST ന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ NCF ന്റെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 27 | 3.00 pm | ബിഷപ്സ് ഹൗസിൽ ഡി.സി.എം.എസ് ഭാരവാഹികളോടൊത്തുള്ള മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 29 | 4.30 pm | പ്രവിത്താനം ഫൊറോനയിൽ നവീകരിക്കപ്പെട്ട കുരിശുപള്ളിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 12.00 noon | ഈ വർഷത്തെ മികച്ച കായികലാലയമായി തിരഞ്ഞെടുക്കപ്പെട്ട അൽഫോൻസാ കോളേജിന്റെ അനുമോദനച്ചടങ്ങിൽ സംബന്ധിച്ചു. |
| 30 | 7.30 pm | പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'ഗ്രാൻഡ് യൂക്കരിസ്റ്റിക് മിഷൻ-GEM' ഓൺലൈൻ ധ്യാനത്തിൽ വചനസന്ദേശം നൽകി. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ സെന്റ് തോമസ് കോളേജിലെ ട്രസ്റ്റിമാരെത്തുന്ന മീറ്റിങ്ങിൽ സംബന്ധിച്ചു. |



ചേർപ്പുങ്കൽ - മാർസ്ലീവാ മെഡിസിറ്റിയുടെ
നാലാം വാർഷികാഘോഷം







ജയ്പൂർ രൂപതാമെത്രാൻ
റൈറ്റ് റവ. ഡോ. ജോസഫ് കല്ലറയ്ക്കലിന്
പാലാ അരമനയിൽ സ്വീകരണം നല്കിയപ്പോൾ





ഗോരഖ്പൂർ നിയുക്ത ബിഷപ്പ് അഭിവന്ദ്യ മാത്യു നെല്ലിക്കുന്നേൽ
പിതാവ് പാലാ ബിഷപ്സ് ഹൗസിലെത്തിയപ്പോൾ



ഖസാക്കിസ്ഥാനിലെ
അപ്പസ്തോലിക് നൂൺഷ്യോ
ബിഷപ്പ് ജോർജ് പനംതുണ്ടിൽ
പാലാ ബിഷപ്സ്ഹൗസിൽ
അദ്ദേഹത്തിന്റെ സുഹൃത്തുക്കൾകൂടിയായ
അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട്
പിതാവിനെ സന്ദർശിച്ചപ്പോൾ







വേൾഡ് സിറിയക് കോൺഫറൻസിൽ പങ്കെടുത്ത വിശിഷ്ട വ്യക്തികൾ
ബേസ് അപ്രേം ദയറയിൽ അഭിവന്ദ്യ പിതാവിനോടൊപ്പം







പാലാ അൽഫോൻസാ കോളജിന്റെ വജ്രജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു





അപ്രതീക്ഷിതമായ കാലാവസ്ഥാവ്യതിയാനത്തിൽ ആശങ്കയനുഭവിക്കുന്ന
വെള്ളികുളം ഇടവക അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദർശിച്ചപ്പോൾ



ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
വിളക്കുമാടം ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
മരങ്ങാട്ടുപിള്ളി ഇടവക







PALA HOME
PROJECT
EPARCHY OF PALAI


















Printed at St. Thomas Press, Palai and Published by Fr. John Pakkarampel